
newvisionmagazine.org

November 2024

# NEW VISION

For a changing world

Vol. 26 | Issue 2 | Per Copy. ₹ 25 | Annual Subsription ₹ 250



## A Doctor's Prayer

Lord,
As I treat my patients,
help me to be wise;
Let me see their problems
Through your discerning eyes.
Guide me, Lord, and use me
In everything I do,
For you're the Great Physician,
And I long to be like you.

## കച്ചവടവത്കരിക്കപ്പെടുന്ന ആതുരശ്രുശൂഷരംഗം

ഡോ. ജോർജ്ജ് ചാണ്ടി മറ്റീത്രയുടെ

തുറന്നു പറച്ചിൽ

പ്രിയ സ്നേഹിതാ,

ന്യൂവിഷൻ മാസികയെ സ്നേഹിക്കുന്ന വായനക്കാർ എല്ലാവർഷവും അവരുടെ ദശാംശത്തിൽ നിന്നും ഒരു പങ്ക് ന്യൂവിഷൻ മാസികയുടെ പ്രസിദ്ധീകരണത്തിനായി അയച്ചു തരുന്ന പതിവുണ്ട്. കഴിഞ്ഞ 32 വർഷക്കാലം ഒരു ലക്കവും മുടങ്ങാതെ മാസിക പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നത് വായനക്കാർ നൽകുന്ന നിർല്ലോപമായ സംഭാവനകൾ കൊണ്ട് മാത്രമാണ്. ക്രിസ്മസ് കാലയളവിൽ ഞങ്ങൾ നടത്തുന്ന ധനശേഖരണ പരിപാടിയിൽ നൂറു രൂപാ മുതൽ വലിയ തുകകൾ വരെ തരുന്നവരുണ്ട്. എത്ര ചെറിയ സംഭാവനയായാലും ഞങ്ങൾ അതിനെ വിലമതിക്കുന്നു. ഒരുവർഷം മാസിക അച്ചടിക്കുവാനുള്ള 60 ശതമാനം തുക സംഭാവനകളിൽ കൂടിയും 40 ശതമാനം വരിസംഖ്യയിൽ കൂടിയുമാണ് ലഭിക്കുക. മാസികയുടെ അച്ചടിക്കുള്ള ചെലവ് മാത്രമേ ന്യൂവിഷൻ അക്കൗണ്ടിൽ നിന്നും എടുക്കുന്നുള്ളൂ. ബാക്കിയുള്ള ചെലവ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ സ്വന്തം കയ്യിൽ നിന്നുമാണ് എടുക്കുന്നത്.



സഭാ വ്യത്യാസമില്ലാതെ ക്രൈസ്തവർക്കു കൂടി വരുവാനും ആശയങ്ങൾ കൈമാറുവാനും വേദിയൊരുക്കുന്ന ഒരു എക്യൂമിനിക്കൽ പ്രസിദ്ധീകരണമാണ്. ന്യൂവിഷൻ മാസികക്ക് ആഗോള തലത്തിൽ അംഗീകാരം ലഭിച്ചത് ദിവംഗതനായ ക്രിസോസ്റ്റം വലിയ തിരുമേനി പത്തു വർഷക്കാലം മാസികയുടെ ചെയർമാനായിരുന്ന കാലത്താണ്. തികച്ചും വ്യത്യസ്തമായ ഒരു നൂതന ക്രൈസ്തവ പ്രസിദ്ധീകരണമായ ന്യൂവിഷൻ മാസിക, മാസം തോറും ഇരുപതിനായിരത്തോളം പേർ വായിക്കുന്നുണ്ട്. കഴിഞ്ഞ 32 വർഷത്തിനുള്ളിൽ എക്യൂമിനിക്കൽ രംഗത്തെ ഒരു മികച്ച പ്രസിദ്ധീകരണമായി വളരുവാൻ സാധിച്ചു. സമാനമായ ഒരു പ്രസിദ്ധീകരണം വേറെയില്ല.

മാസിക അച്ചടിച്ച് പുറത്തിറക്കുവാനുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഓരോ വർഷവും കൂടി വരികയാണ്. വരിസംഖ്യ പുതുക്കേണ്ടവർ സമയത്ത് പുതുക്കുകയും ക്രിസ്മസ് കാലയളവിലെ ധനശേഖരണം വിജയമാക്കുകയും കൂടി ചെയ്താൽ മാത്രമേ മാസിക കടമില്ലാതെ പ്രസിദ്ധീകരിക്കാനാവുകയുള്ളൂ. അതിന് ബഹുമാനപ്പെട്ട വരിക്കാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു. സംഭാവനയും വരിസംഖ്യയും അയക്കേണ്ട വിലാസം Manager, New Vision, Punnackadu, 689652, Kozhencherry, Kerala. Bank Account details: A/c 10260200008413, IFSC. FDRL0001026 Beneficiary-New Vision for a Changing World, Federal Bank, Kozhencherry. ഒരു വർഷത്തേക്ക് 250 രൂപ, രണ്ടു വർഷത്തേക്ക് 400 രൂപ, മൂന്നു വർഷത്തേക്ക് 600 രൂപ ആയുഷ്ക്കാലം 2000 രൂപ, വിദേശത്തേക്ക് ഒരു വർഷം 1500 രൂപ എന്നീ ക്രമത്തിലാണ് വരിസംഖ്യ ശേഖരിച്ചു വരുന്നത്. ഇതോടൊപ്പം QR code കൂടി കൊടുക്കുന്നു. പണമയക്കുവാൻ ഇതിൽ കൂടി എളുപ്പമാണ്. **പണമടയ്ക്കുന്നവർ 9946475754 നമ്പറിൽ വാട്ട്സ്ആപ് ചെയ്യുമല്ലോ. വാട്ട്സ്ആപ്പും ഈമെയിലും ഇല്ലാത്തവർ9847275754 എന്ന നമ്പറിൽ വിളിച്ച് പറയണം.പേര് വ്യക്തമായി എഴുതണേ.**

എല്ലാ മാസവും 28 നു തിരുവല്ല ആർഎംഎസ്സിൽ നിന്നു മാസിക അയക്കുന്നുണ്ട്. **ന്യൂവിഷൻ മാസികയെ സാമ്പത്തികമായി സഹായിക്കുന്നവരുടെ കൂട്ടായ്മയിൽ തുടർന്നും താങ്കളുണ്ടാകണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു.**

**സ്നേഹാദരവുകളോടെ,**

Sd/

**റൈറ്റ്. റവ. ഡോ. തോമസ് മാർ തീത്തോസ്**

ചെയർമാൻ, പത്രാധിപസമിതി

Sd/

**ഡോ.മാത്യു കോശി പുന്നയ്ക്കാട്**

എഡിറ്റർ &പബ്ലിഷർ

# NEW VISION FOR A CHANGING WORLD

'New Vision for a Changing World' is an ecumenical magazine owned by Navadarshan Trust, a public charitable trust registered in 1999. The periodical initially started in 1992 as a bimonthly entitled 'New Vision' with Prof. Dr.Mathew Koshy Punnackad as the editor and Rev.Prof.K.C.Mathew as the publisher. We got the title, New Vision for a Changing World, during the registration, and it came under Navadarshan Trust. It serves as a forum for the exchange of views and source inspiration for enlightened action. 2006, Navadarshan Trust reconstituted the editorial board with Most Rev.Dr.Phillipose Mar Chrysostom Valiya Metropolitan as the Patron, Rt.Rev. Sam Mathew as the Chairman, Prof.Dr.Cyriac Thomas as the Hon. Chief Editor and Dr. Mathew Koshy Punnackadu as the Publisher. With the demise of Rt. Rev.Sam Mathew, Rt.Rev.Dr.Thomas Mar Theethose became the Chairman.



"എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ് നിങ്ങൾ പറയുന്നതെങ്കിൽ നിങ്ങൾ ഒന്നും പറഞ്ഞിട്ടില്ല. സൂര്യൻ കിഴക്കാണ് ഉദിക്കുന്നത്. തിങ്കളാഴ്ച കഴിഞ്ഞാൽ ചൊവ്വാഴ്ചയാണ്. ഇത് നമ്മൾ പറയേണ്ട കാര്യമില്ല. എല്ലാവർക്കും അറിയാവുന്നതാണ്". – ക്രിസോസ്റ്റം തിരുമേനി

**CHAIRMAN**
Rt.Rev. Dr Thomas Mar Theethos Episcopa
**HONORARY CHIEF EDITOR**
Prof.Dr. Cyriac Thomas
*Former Vice Chancellor of MG University*
**EXECUTIVE EDITOR**
Prof Dr Jose Parakadavil 9447364487
*Former Principal, BAM College, Thuruthicadu*
**EDITOR AND PUBLISHER**
Prof Dr Mathew Koshy Punnackadu 9847275754
*Commissioner to the CJSD of WCC &*
*the former Principal of Bishop Moore College, Mavelikara*
**ASSOCIATE EDITOR**
Mr. Cheriayan C. John 8113038111
**MANAGING EDITORS**
Mr. George Mathew C
*Former Assistant General Manager Federal Bank*
Mr.Koshy George (USA)
**MANAGERS**
Dr Sabu George 9447895931
*Former Principal of Bishop Moore College, Mavelikara*
Mr.Koshy V George 9446115002
*Former Asst. Vice President, Federal Bank*
**BOARD MEMBERS**
Dr John George Athyal
*Christian College Chengannur*
Mr.T Mathew (USA)
Rev Sam T Koshy
*Secretary, CSS, Thiruvalla*
Mr.Benjamin Alex Jacob
*Editor, CSS, Thiruvalla*
Dr.Sajini Deena Mathew
*Bishop Moore College, Mavelikara*
Mr John Minu Mathew
*Former Executive Director,*
*Bharat Petroleum Corporation Ltd, Kochi*
Commander Tharian Koshy
*Former Naval Officer, Kochi*
Mr Shibu Itty Kuttickal
Journalist
**LEGAL CONSULTANT**
Adv.Anzil Komattu

പുസ്തകം 25 ലക്കം 2 നവംബർ 2024

## അകത്തളത്തിൽ


| | | |
|---|---|---|
| 4 | എഡിറ്റോറിയൽ<br>നേതൃനിര പുലർത്തേണ്ട ധാർമ്മികത | ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ |
| 5 | കിളിവാതിൽ<br>മലയാളികളുടെ ഭാവി എങ്ങനെയാകും | ഡോ.ജോസ് പാറക്കടവിൽ |
| 6 | കച്ചവടവത്കരിക്കപ്പെടുന്ന<br>ആതുര ശുശ്രൂഷാരംഗം: ഡോ. ജോർജ് ചാണ്ടി മറ്റീത്ര | ചെറിയാൻ സി. ജോൺ |
| 11 | യെശയ്യാപ്രവചനം: ഒരു പരിസ്ഥിതി<br>ദൈവശാസ്ത്ര വായന | വിജി വർഗീസ് ഈപ്പൻ |
| 16 | കുടുംബത്തെപ്പറ്റി ഒരു ഓർമ്മപ്പെടുത്തൽ | റ്റി ജോർജ് ബഹന്നാൻ |
| 18 | രത്തൻ പഠിപ്പിച്ച പാഠരത്നങ്ങൾ | ഫാ. ഡോ. തോമസ് കുഴിനാപ്പുറത്ത് |
| 19 | ഭയങ്കര കല്യാണങ്ങളും അവിവാഹിതരുടെ<br>കല്യാണപ്പേടിയും! | ജോർജ് കാടൻകാവിൽ |
| 21 | അന്ന സെബാസ്റ്റ്യൻ | ഡോ.വർഗീസ് ജോർജ് |
| 22 | Monthly Quiz Contest | |
| 23 | The Divine Dance | Dr Mathew Koshy Punnackadu |
| 26 | ഭാവി കർഷകർക്ക് | |


Subscription Details
One year Rs.250, Two years Rs.400
Three years Rs.600, Life 2000

ലിപി വിന്യാസം : ഇന്ദ്രധനുസ് പ്രസ്
അച്ചടി : ഇന്ദ്രധനുസ് പ്രസ് തിരുവല്ല 0469 2630223

**ADDRESS**
Manager, New Vision office,Punnakkadu, 689652,Kozhencherry
ബാങ്ക് മുഖേന: ഫെഡറൽ ബാങ്ക് കോഴഞ്ചേരി ശാഖ a/c No.:10260200008413 IFSC: FDRL0001026.

എഡിറ്റോറിയൽ

# നേതൃനിര പുലർത്തേണ്ട ധാർമ്മികത



കണ്ണൂർ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് (A.D.M) ആയിരുന്ന നവീൻ ബാബുവിന്റെ ആത്മഹത്യ വലിയ കോളിളക്കം സൃഷ്ടിച്ചുവല്ലോ. റിട്ടയർ ചെയ്യുന്നതിന് ഏഴുമാസം മാത്രം ബാക്കിനിൽക്കെ സ്വന്തം നാടായ പത്തനംതിട്ടയിലേക്കു മാറ്റം ലഭിച്ച അദ്ദേഹത്തിനു ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നൽകിയ യാത്രയയപ്പു യോഗത്തിന്റെ അദ്ധ്യക്ഷവേദിയിലേക്ക്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റായ ശ്രീമതി. പി.പി. ദിവ്യ (സംഘാടകർ ക്ഷണിച്ചിരുന്നില്ലത്രേ!) കടന്നുചെല്ലുകയും മൈക്ക് സ്വന്തമാക്കി യാത്രയയപ്പു പ്രസംഗം എന്ന വിധത്തിൽ സത്യമല്ലാത്ത അഴിമതിയാരോപണം ഉന്നയിക്കുകയും രണ്ടു ദിവസത്തിനകം കാണിച്ചുതരാം എന്നു ഭീഷണിപ്പെടുത്തിയിട്ട് അദ്ദേഹത്തിനുള്ള ഉപഹാരസമർപ്പണത്തിൽ പങ്കെടുക്കാൻ താത്പര്യമില്ല എന്നു തന്റെ വെറുപ്പ് പ്രകടിപ്പിച്ച് വേദി വിട്ടുപോവുകയും ചെയ്തു. അദ്ധ്യക്ഷനായിരുന്ന ജില്ലാ കളക്ടറാകട്ടെ, പെരുംനുണ തിളച്ചുതൂവിയ ആ വിഷലാവാപ്രവാഹം തടയാനോ തിരുത്താനോ ശ്രമിച്ചതുമില്ല, മനുഷ്യത്വരഹിതമായ നിസ്സംഗത പാലിക്കുകയും ചെയ്തു. ആത്മക്ഷതമേറ്റ നവീൻ ബാബു അന്നു രാത്രിതന്നെ ആത്മഹത്യ ചെയ്തു. സ്ഥലംമാറി വരുന്ന ഗൃഹനാഥനെ സ്വീകരിക്കാൻ പിറ്റേന്നു ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിലെത്തിയ ഭാര്യയും പെൺമക്കളും നിശ്ചിത ട്രെയിനിൽ അദ്ദേഹത്തെ കാണാഞ്ഞ് നടത്തിയ അന്വേഷണത്തിനൊടുവിലാണ് കണ്ണൂരിലെ ക്വാട്ടേഴ്സിൽ അദ്ദേഹം തൂങ്ങിമരിച്ച വിവരമറിയുന്നത്.

തൊഴിലിടത്തിൽ നിന്നോ ജീവിതത്തിൽ നിന്നോ വിടവാങ്ങുന്നവർക്കു ശുഭവചനമേ നൽകാവൂ എന്ന കുലീനത ഇവിടെ കുടിലവചസ്സുകളായി. നന്മമനസ്സിൽ നിന്നേ നല്ല വാക്കുയരൂ. ജീവിതകാലമാകെ താൻ പോറ്റിവളർത്തിയ സത്യ-നീതി-ധർമ്മ ധാവള്യം പരസ്യമായി അവഹേളിക്കപ്പെട്ടതിൽ ചങ്കുപറിഞ്ഞ പ്രതിരോധമാവാം ആ ആത്മഹത്യ.

എല്ലാ തലങ്ങളിൽനിന്നും വൻപ്രതിഷേധമാണുയർന്നത്. വകുപ്പുമന്ത്രിയും സഹപ്രവർത്തകരായ ഐ.എ.എസ് ഉദ്യോഗസ്ഥരും നവീൻ ബാബു അഴിമതിക്കറ പുരളാത്ത സംശുദ്ധനാണെന്നും സാധാരണക്കാരുടെ ആവശ്യങ്ങളിൽ ഏറെ അനുഭാവം പുലർത്തിയിരുന്നുവെന്നും സാക്ഷ്യപ്പെടുത്തി. മാധ്യമങ്ങളിൽ ദിവസങ്ങളോളം ഇതിന്റെ തുടർവാർത്ത നിറഞ്ഞു. ഈ ക്രൂരദുരന്തം മറനീക്കുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. അവയാണ് നാമിവിടെ ചർച്ച ചെയ്യുന്നത്.

അധികാരം തലയ്ക്കുപിടിച്ചതിന്റെ ഫലമായ ഹുങ്കും മനുഷ്യത്വം നഷ്ടപ്പെട്ട ധാർഷ്ട്യവും ചേർന്ന പ്രകടനമാണ് പി.പി. ദിവ്യ അവിടെ നടത്തിയത്. സർക്കാർ ഉദ്യോഗസ്ഥൻ തെറ്റുചെയ്തു എന്നുറപ്പുണ്ടെങ്കിൽ അതിനു നിയമവഴികൾ തേടാം എന്നിരിക്കെ അതു ചെയ്യാതെ, സഹപ്രവർത്തകർ ഒരുക്കിയ സൗഹൃദവിടവാങ്ങൽ ചടങ്ങിനെ പരസ്യവിചാരണയുടെയും മരണവിധിയുടെയും വേദിയാക്കിയ ഈ പൈശാചികതയ്ക്കു സമാനതകളില്ല. ഒരു മാതൃഹൃദയത്തിൽ നിന്നും ആരുമിതു പ്രതീക്ഷിക്കുന്നുമില്ല. ഇത് ഒരു വനിതാനേതാവിന്റെ മാത്രം കുറ്റമായി കാണാനും പാടില്ല. സമാനസംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത് അതിനാലാണ്. രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക-ആദ്ധ്യാത്മിക നായകരുടെ ധാർമ്മികത എന്താവണം എന്ന ചോദ്യം ഈ പ്രശ്നം ഉയർത്തുന്നുണ്ട്.

സ്വാർത്ഥതയുടെ പ്രലോഭനം വിട്ട് സാമൂഹ്യനന്മയ്ക്കു സമർപ്പിച്ചവരാണ് പൊതുപ്രവർത്തകർ. നിസ്വാർത്ഥതയുടെ പരിമളമായ ലാളിത്യവും ആർദ്രതയും ത്യാഗസന്നദ്ധതയുമാണ് അവരുടെ അടിസ്ഥാന ഭാവമാവേണ്ടത്. ഇതാവട്ടെ, നിഷ്ക്കളങ്കമായ സമഷ്ടിസ്നേഹത്തിന്റെ ആവിഷ്ക്കാരവും. ആ സ്നേഹപ്രവാഹം സകലരെയും സമാശ്ലേഷിക്കുന്നതാണ്. അതിൽ സ്വന്തം ആളെന്നും അപരൻ എന്നുമില്ല, ശത്രുവെന്നും മിത്രമെന്നുമില്ല, സ്വദേശിയെന്നോ മറുനാട്ടുകാരനെന്നോ ഇല്ല. എല്ലാവരും തന്റെ പ്രവർത്തനമേന്മയുടെ ഗുണഭോക്താക്കളാവണം എന്നേ അത്തരക്കാർ ചിന്തിക്കൂ. തന്റെ വീടിന്റെ ഒരു ഭാഗം തെരുവുനായ്ക്കളുടെ സുഭിക്ഷതാവളമാക്കിയ ഒരു വ്യവസായിയും, പൊതുവേദിയിൽവച്ച് തന്നെ കല്ലെറിഞ്ഞ എതിർപാർട്ടിക്കാരന്റെ പേരിൽ കേസെടുക്കരുതെന്ന് പൊലീസ് മേധാവിയോടു നിർദ്ദേശിച്ച ഒരു മുഖ്യ





ശേഷം പേജ് 24-ൽ

കിളിവാതിൽ

# മലയാളികളുടെ ഭാവി എങ്ങനെയാകും



ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുകയും ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപപ്പെടുകയും ചെയ്യുന്ന സമയത്ത് ഇതര സംസ്ഥാനങ്ങളെക്കാൾ പല നിലകളിലും മെച്ചമായിരുന്നു, കേരളത്തിന്റെ സ്ഥിതി. സാർവത്രിക വിദ്യാഭ്യാസം, സ്ത്രീകളുടെ വിദ്യാഭ്യാസം, പൗരസമത്വബോധം, ആരോഗ്യസുരക്ഷ എന്നിങ്ങനെ വികസനത്തിന്റെ വിവിധ മേഖലകളിൽ അടിസ്ഥാനമുറപ്പിക്കുവാൻ അന്നുതന്നെ കേരളത്തിനു സാധിച്ചിരുന്നു.

സെപ്തംബറിൽ ഡി.സി ബുക്സിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ചരിത്രകാരനായ രാമചന്ദ്രഗുഹ നടത്തിയ പ്രഭാഷണത്തിൽ കഴിഞ്ഞ ഒന്നര നൂറ്റാണ്ടായി പരിവർത്തനോന്മുഖമായ ഒട്ടേറെ സാമൂഹ്യ മുന്നേറ്റങ്ങൾ ഈ കേരളത്തിൽ നടന്നിട്ടുണ്ട് എന്നു പറഞ്ഞ് അവയെ അദ്ദേഹം അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്. ബ്രിട്ടീഷുകാർക്കെതിരേ ദേശീയ പ്രസ്ഥാനങ്ങളുടെ ഭാഗമായുണ്ടായ മുന്നേറ്റങ്ങൾ, അധികാര വർഗത്തെയും രാജഭരണകൂടങ്ങളെയും കുറച്ചുകൂടി ഭേദപ്പെട്ട സമത്വാധിഷ്ഠിതമായ സാമ്പത്തിക ക്രമങ്ങളിലേക്ക് കൊണ്ടുവരാൻ ഇടയാക്കിയ ഭൂഉടമാ സമ്പ്രദായങ്ങൾക്ക് എതിരായ മുന്നേറ്റങ്ങൾ, പുരുഷാധിപത്യ ലോകക്രമത്തിന് എതിരേ ഉണ്ടായിട്ടുള്ള സ്ത്രീ മുന്നേറ്റങ്ങൾ, ശ്രീനാരായണ ഗുരുവിനെയും മറ്റും പോലെയുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ നേതൃത്വം കൊടുത്ത ഹിന്ദുമതത്തിലെ ജാതീയമായ വിവേചനത്തെയും ഉച്ചനീചത്വ ക്രമങ്ങളെയും വെല്ലുവിളിച്ചുകൊണ്ടുള്ള ജാതി വിരുദ്ധ പോരാട്ടങ്ങൾ എന്നിവയാണ് കേരളത്തെ മാറ്റിമറിച്ച സുപ്രധാന സാമൂഹ്യമുന്നേറ്റങ്ങൾ. കേരളം മെച്ചപ്പെട്ട ഒരു ജാതി രഹിത സമൂഹമായി മാറി തീർന്നത് അങ്ങനെയാണ്.

അടുത്ത കാലത്തായി കേരളത്തിന്റെ സാമൂഹിക ചരിത്രം പറയുന്നവർക്കെല്ലാം സംഭവിക്കുന്നതു പോലെ രാമചന്ദ്രഗുഹക്കും കേരളീയ സമൂഹത്തിൽ പരിവർത്തനങ്ങൾക്കു നാന്ദി കുറിച്ച ക്രൈസ്തവ മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും കീഴാളജനത്തിനിടയിൽ നടത്തിയ പ്രവർത്തനങ്ങളെയും ഓർമിക്കാൻ കഴിഞ്ഞിട്ടില്ല.

യഥാർത്ഥത്തിൽ മിഷനറിമാർ പ്രചരിപ്പിച്ച സാർവത്രിക വിദ്യാഭ്യാസവും ശുചിത്വബോധവും അത് താണവിഭാഗങ്ങൾക്കിടയിൽ വ്യാപിക്കുന്നതിലുണ്ടായ ശ്രദ്ധയുമാണ് കേരളത്തിന്റെ സമഗ്ര പുരോഗതിയുടെ അടിസ്ഥാനം.

എന്തായാലും ചരിത്രകാരന്മാരുടെയും സാമൂഹ്യശാസ്ത്രജ്ഞരുടെയും സാമ്പത്തിക വിദഗ്ദ്ധരുടെയും എല്ലാം ശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ്, കേരളത്തിന്റെ സമഗ്രപുരോഗതി. ഈ വിഷയത്തെ ആസ്പദമാക്കി പല രംഗങ്ങളിലുള്ള വിദഗ്ധരുടെ പഠനങ്ങൾ പുറത്തു വന്നിട്ടുണ്ട്.

എന്നാൽ സുനിശ്ചിതമായ പന്ഥാവുകളിലൂടെ മുന്നേറിക്കൊണ്ടിരുന്ന കേരളീയ സമൂഹത്തിന് പല തരത്തിൽ അപചയങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു എന്ന വിലയിരുത്തലാണ് പല കേന്ദ്രങ്ങളിൽ നിന്നും അടുത്ത കാലത്ത് ഉയർന്നു വരുന്നത്. പലരും അവരുടെ ആശങ്കകൾ തുറന്നെഴുതിക്കൊണ്ടിരിക്കുന്നു.

മലയാളത്തിലെ പ്രമുഖ എഴുത്തുകാരനായ സക്കറിയ എഴുത്ത് മാസികയുടെ സെപ്തംബർ ലക്കത്തിൽ കേരളത്തിന്റെ പ്രതിസന്ധികൾ അക്കമിട്ട് അവതരിപ്പിച്ചത് ശ്രദ്ധേയമായി തോന്നി. അത് ഇവിടെ പകർത്തുന്നു.

1

കേരളത്തിലെ ഹിന്ദു-മുസ്ലീം-ക്രൈസ്തവ സമൂഹങ്ങളുടെ സഹജീവിതം തകർക്കാനുള്ള ആസൂത്രിത ശ്രമങ്ങൾ ഉയർത്തുന്ന പ്രതിസന്ധി. മൂന്നു സമുദായങ്ങളിലെയും അംഗങ്ങൾ-പ്രമുഖരും അല്ലാത്തവരും-പങ്കെടുക്കുന്നു എന്നത് ഏറ്റവും ഗുരുതരമായ കാര്യമാണ്.

2

സംശുദ്ധവും ജനങ്ങളോട് കൂറുള്ളതുമായ ഭരണകൂടങ്ങളുടെ അഭാവം സൃഷ്ടിക്കുന്ന പ്രതിസന്ധി.

3

ജനാധിപത്യത്തിൽ ജനങ്ങളാണ് മേലാളർ, അവർ തെരഞ്ഞെടുക്കുന്നവർ അല്ല, എന്ന തിരിച്ചറിവ് ഇല്ലായ്മ സൃഷ്ടിക്കുന്ന പ്രതിസന്ധി.

4

മലയാളികളുടെ ചരിത്രത്തിനും സംസ്ക്കാരത്തിനും എതിരെ ഹിന്ദു-മുസ്ലീം-ക്രൈസ്തവ വർഗീയത് ഉയർത്തുന്ന വെല്ലുവിളിയുടെ പ്രതിസന്ധി

5

കേരളത്തിലെ രാഷ്ട്രീയപ്പാർട്ടികളുടെ കൂറ് കേരളത്തോടും മലയാളികളോടുമല്ല അധികാരത്തോടും തങ്ങളോടുതന്നെയുമാണ് എന്ന അവസ്ഥ ഉയർത്തുന്ന പ്രതിസന്ധി.

6

ജനങ്ങളോട് സത്യം പറയാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് മാധ്യമങ്ങൾ ഒഴിഞ്ഞുമാറുന്നത് ഉയർത്തുന്ന പ്രതിസന്ധി

7

പരിസ്ഥിതിയോടും പൊതുസ്ഥല ശുചിത്വത്തോടും മലയാളികൾ പ്രകടിപ്പിക്കുന്ന അവഗണന ഉയർത്തുന്ന പ്രതിസന്ധി.

8

സാമൂഹികമാധ്യമങ്ങളിലും ടെലിവിഷൻ ചർച്ചകളിലുമുള്ള മലയാളികളുടെ അന്ധമായ ആസക്തി ഉയർത്തുന്ന പ്രതിസന്ധി.

ഇവയെ കേരളസമൂഹം ഇന്ന് എങ്ങനെ കൈകാര്യം ചെയ്യുന്ന എന്നതിനെയനുസരിച്ചായിരിക്കും നാളത്തെ കേരളം രൂപപ്പെടുകയെന്നു ഞാൻ കരുതുന്നു.

**ഡോ. ജോസ് പാറക്കടവിൽ**

9447364487

jparakadavil@gmail.com

# കച്ചവടവത്കരിക്കപ്പെടുന്ന ആതുര ശുശ്രൂഷ

## ഡോ. ജോർജ് ചാണ്ടി മറ്റീത്രയുമായി നടത്തിയ അഭിമുഖം

ചെറിയാൻ സി.ജോൺ



(ആധുനിക വെല്ലൂർ സി എം സി യുടെ ശില്പിയാണ് ഡോ.ജോർജ്ജ് ചാണ്ടി മറ്റിത്ര. വെല്ലൂരിൽ നിന്ന് വിരമിച്ച ശേഷം തിരുവല്ല ബിലീവേഴ്സ് മെഡിക്കൽ കോളജിന്റെ സി ഇ ഒ യായി പ്രവർത്തിക്കുന്നു. ഇടതൂർന്ന മരങ്ങൾക്കിടയിലൂടെ നടന്ന് ബിലീവേഴ്സ് ആശുപത്രിയുടെ മുഖ്യ വാതിൽ കടന്നു അകത്തേക്ക് നീങ്ങുമ്പോൾ പ്രതീക്ഷിച്ച വ്യക്തിത്വമല്ല ഡയറക്ടറുടെ മുറിയിൽ കണ്ടത്. ശാന്തമായ പെരുമാറ്റം, വശ്യമായ ഇടപെടൽ. ആരെയും ആകർഷിക്കുന്ന സംസാര രീതി. ഇരിക്കുന്ന കസേരയുടെ പുറകിൽ വലിയതായി പ്രദർശിപ്പിച്ചിരിക്കുന്ന 'ഡോക്ടേഴ്സ് പ്രയർ'. അഭിമുഖം പൂർത്തിയായപ്പോൾ അക്ഷരാർത്ഥത്തിൽ ആ പ്രാർത്ഥന സ്വന്തം ജീവിതത്തിൽ പ്രവർത്തീകമാക്കുന്ന ഭിഷഗ്വരൻ എന്ന് തിരിച്ചറിഞ്ഞു. ഡോ. ജോർജ് ചാണ്ടി മറ്റീത്രയുമായി *ന്യൂവിഷൻ മാസിക* എഡിറ്റർമാരായ ഡോ. മാത്യു കോശി പുന്നയ്ക്കാടും, ചെറിയാൻ സി.ജോണും നടത്തിയ അഭിമുഖത്തിൽനിന്ന്)

### കുടുംബം, ബാല്യം, വിദ്യാഭ്യാസം

ഞാൻ കോട്ടയം മറ്റീത്ര കുടുംബാംഗമാണ്. സി.എസ്.ഐ മദ്ധ്യകേരള മഹായിടവക ബിഷപ്പായിരുന്ന എം. എം. ജോൺ തിരുമേനി എന്റെ മുത്തച്ഛന്റെ അനുജനായിരുന്നു. ഇന്ത്യയിലെ ആദ്യത്തെ ന്യൂറോ സർജനായിരുന്ന ഡോ. ജയിക്കബ് ചാണ്ടിയും ഞങ്ങളുടെ കുടുംബാംഗമാണ്. എന്റെ പിതാവ് കസ്റ്റംസ് കളക്ടറായിരുന്നു. അപ്പോൾ ഓരോ രണ്ടുവർഷം കൂടുമ്പോഴും പുതിയ സ്ഥലങ്ങളിലേക്ക് ട്രാൻസ്ഫർ ലഭിച്ചുകൊണ്ടിരുന്നു. അതുകൊണ്ടുതന്നെ എന്റെ മാതാവ് ഞങ്ങളുടെ വിദ്യാഭ്യാസത്തിൽ വളരെയധികം ശ്രദ്ധാലുവായിരുന്നു. രണ്ടുവർഷം കൂടുമ്പോഴുണ്ടാകുന്ന സ്ഥലംമാറ്റം എന്റെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നു മനസ്സിലാക്കിയ പിതാവ്, തിരുവനന്തപുരത്ത് പ്രസ് ക്ലബ്ബിന് പുറകിലുള്ള ഒരു സ്ഥലം വാങ്ങി, അവിടെ സ്ഥിരതാമസമാക്കുവാൻ തീരുമാനിച്ചു. അവിടെ മോഡൽ സ്കൂളും സെന്റ് ജോസഫ് സ്കൂളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. നടന്നുപോകാനുള്ള സൗകര്യം നോക്കിയാണ് അവിടെ വീടു വാങ്ങിയത്. ഞാൻ പഠിക്കുന്ന സമയമെല്ലാം എന്റെ മാതാവ് എന്നോടൊപ്പമിരിക്കും. പത്താം ക്ലാസിൽ ഒന്നാം റാങ്ക് എനിക്കായിരിക്കണം എന്നതായിരുന്നു അമ്മയുടെ ആഗ്രഹം. എന്നാൽ ദൗർഭാഗ്യവശാൽ ഇരുപത്തിയേഴാം റാങ്ക് മാത്രമേ എനിക്ക് ലഭിച്ചുള്ളൂ. അന്നത് അമ്മയെ വളരെ വേദനിപ്പിച്ചു. തുടർന്ന് പ്രീ-ഡിഗ്രിക്ക് ഇൻറർമീഡിയറ്റ് കോളേജ് ആയ മോഡൽ സ്കൂളിൽ തന്നെ ചേർന്നു. പ്രീ-ഡിഗ്രിക്കു ശേഷം ഞാൻ എൻട്രൻസ് എഴുതുകയും, വെല്ലൂരിൽ എൻട്രൻസ് ലഭിക്കുകയും ചെയ്തു. അന്നു മുതൽ വെല്ലൂർ ആണ് എന്റെ ഭവനം. എന്റെ സ്പോൺസർ സി.എസ്.ഐ മധ്യകേരള മഹായിടവകയായിരുന്നു. അതുകൊണ്ട് എം.ബി.ബി.എസിനു ശേഷം കോടുകുളഞ്ഞിയിലെ സി.എസ്.ഐ ഹോസ്പിറ്റലിൽ സേവനത്തിനായി ജോയിൻ ചെയ്യുകയുണ്ടായി. ഏറെ കഴിയും മുൻപ് ഞാൻ അവിടത്തെ ആളുകളുമായി വളരെ അടുത്ത് ഇടപഴകുകയും അവരിൽ ഒരാളായി മാറുകയും ചെയ്തു. അവരുടെ എല്ലാ കുടുംബപരിപാടികൾക്കും ഞാൻ അവരോടൊപ്പം എത്തുമായിരുന്നു. ഞാൻ വേഗത്തിൽ ആ സമൂഹത്തിന്റെ ഭാഗമായി മാറി. ഒരുപക്ഷേ ആ കാലയളവിൽ അവിടെ തെരഞ്ഞെടുപ്പിൽ മത്സരിച്ചിരുന്നെങ്കിൽ, ഞാനൊരു എം.എൽ.എയോ മറ്റോ ആകുമായിരുന്നു. അവിടെ ജോയിൻ ചെയ്യുമ്പോൾ ഒന്നോ രണ്ടോ കിടപ്പുരോഗികളും പത്തിൽ താഴെ ഔട്ട് പേഷ്യൻസും മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ അധികം വൈകാതെ ആ നിലയിൽനിന്ന് അറുപതോളം ഇൻപേഷ്യ

ൻസ് എന്ന നിലയിലേക്ക് ആശുപത്രി വളർന്നു. തുടർന്ന് രണ്ട് ഡോക്ടർമാർ കൂടി എന്നോടൊപ്പം ജോയിൻ ചെയ്തു. എന്നാൽ ഒരു പ്രശ്നം മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അവിടെ മാനേജ് ചെയ്യാൻ കഴിയാത്ത തരത്തിലുള്ള രോഗികളെ അടുത്ത് എങ്ങോട്ടെങ്കിലും മാറ്റുവാനുള്ള സംവിധാനം അന്ന് അവിടെയെങ്ങും ലഭ്യമല്ലായിരുന്നു. അങ്ങനെ രണ്ടുവർഷം കഴിഞ്ഞ് ഞാൻ അവിടെനിന്ന് ഹയർ സ്റ്റഡീസിനായി വെല്ലൂരിലേക്ക് വീണ്ടും പോകുമ്പോഴേക്കും ആ ആശുപത്രി വളരെ ഉന്നത നിലവാരത്തിൽ എത്തിയിരുന്നു.

**വെല്ലൂർ സി.എം.സിയുടെ മുഖഛായ മാറ്റിയ കഥ**

അങ്ങനെ പോസ്റ്റ് ഗ്രാഡുവേഷനു ശേഷം ഞാൻ വെല്ലൂരിൽ തന്നെ ഡി.എമ്മിനായി ജോയിൻ ചെയ്യുകയും ഡി.എമ്മിനു ശേഷം അവിടെത്തന്നെ തുടരുകയും ചെയ്തു. കുറച്ചുകാലം ഞാൻ മുണ്ടിയപ്പള്ളി സി.എസ്.ഐ ആശുപത്രിയിൽ സേവനം ചെയ്തു. അക്കാലത്ത് ഡോ. ജോൺ വലിയത്തുമായി പരിചയപ്പെടുവാൻ അവസരം ലഭിച്ചു. കോടുകുളഞ്ഞിയിലേക്ക് വീണ്ടും എത്തുവാനുള്ള ഒരു സാഹചര്യമുണ്ടായി. അപ്പോൾ എന്റെ മനസ്സിൽ വളരെയധികം ആശങ്കകളുണ്ടായിരുന്നു. അവിടെയുള്ള ആളുകൾ എന്നെ സ്വീകരിക്കുമെന്ന് എനിക്കറിയാമായിരുന്നെങ്കിലും ഹോസ്പിറ്റൽ എങ്ങനെ പ്രതികരിക്കുമെന്ന് ഞാൻ ചിന്തിച്ചു. അക്കാലത്ത് ആ പ്രദേശങ്ങളിലൊന്നുംതന്നെ ഗ്യാസ്ട്രോ എന്ററോളജി ഡോക്ടർമാർ ഉണ്ടായിരുന്നില്ല. അന്നത്തെ സാഹചര്യത്തിൽ ഗ്യാസ്ട്രോ എന്ററോളജി പരിശോധനകൾക്കു വേണ്ട സാധനങ്ങൾ വാങ്ങണമെന്ന് എനിക്ക് സഭാനേതൃത്വത്തോട് ആവശ്യപ്പെടാൻ കഴിയാത്തതുകൊണ്ട് വെല്ലൂരിൽനിന്ന് എൻഡോസ്കോപ്പി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ എന്റെ ചെലവിൽ വാങ്ങിക്കൊണ്ടാണ് ഞാൻ കോടുകുളഞ്ഞിയിൽ എത്തിയത്. ഞാൻ തിരിച്ചെത്തിയ വാർത്ത അവിടെയെല്ലാം പരക്കുകയും ഗ്യാസ്ട്രോ എന്ററോളജിയിൽ ധാരാളം ആളുകൾ വരികയും ചെയ്തു.

കോടുകുളഞ്ഞിയിലെ ജനങ്ങൾ എന്നെ അത്രയധികം സ്നേഹിച്ചിരുന്നു. ഞാനും അവരെ അതുപോലെ സ്നേഹിച്ചു. ഇപ്പോഴും കോടുകുളഞ്ഞി എന്റെ ജീവന്റെ ഭാഗമാണ്. ഇതൊരു വിജയകരമായ കഥയാണ്. അതുകൊണ്ടാണ് ഞാനിതു പറയുന്നത്. ഇന്നും സഭയുടെ ആതുരശുശ്രൂഷാ മേഖലകൾ ഇത്തരത്തിൽ പ്രവർത്തിച്ചാൽ വൻവിജയമായി മാറുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.

കോടുകുളഞ്ഞി ആശുപത്രിക്കു വേണ്ടി ജർമ്മൻ

## കോടുകുളഞ്ഞിയിലെ ജനങ്ങൾ എന്നെ അത്രയധികം സ്നേഹിച്ചിരുന്നു. ഞാനും അവരെ അതുപോലെ സ്നേഹിച്ചു. ഇപ്പോഴും കോടുകുളഞ്ഞി എന്റെ ജീവന്റെ ഭാഗമാണ്.

ഏജൻസി നൽകിയ 60 ലക്ഷം രൂപയും കെട്ടിടം പണിക്കും ഉപകരണങ്ങൾ വാങ്ങുവാനും ഉപയോഗിച്ചു. അതുകൊണ്ട് ആശുപത്രിയുടെ നടത്തിപ്പിന് പണമില്ലാതെ വന്നതാണ് ആ ആശുപത്രി പരാജയപ്പെടാൻ കാരണമായത്.

തുടർന്ന് മൂന്നു വർഷത്തിനുശേഷം ഞാൻ വീണ്ടും സി.എം.സിയിലേക്ക് മടങ്ങി. പിന്നീട് സി.എം.സി സൂപ്രണ്ട് എന്ന നിലയിൽനിന്ന് സി.എം.സി ഡയറക്ടർ സ്ഥാനത്തേക്ക് വരികയാണുണ്ടായത്. ഒരു നാഷണൽ കമ്മിറ്റിയാണ് അത് സെലക്ട് ചെയ്യുന്നത്. രണ്ട് ബിഷപ്പുമാർ ഉൾപ്പെടെ വിദഗ്ധരായ ആളുകളുള്ള ഒരു കമ്മിറ്റിയാണ്. അവർ എന്നോടു പറഞ്ഞ ഒരു വാചകം: “ഡോക്ടർ ചാണ്ടി, നിങ്ങൾ ഈ സ്ഥാനത്ത് വരണമെന്ന് ധാരാളമാളുകൾ ആഗ്രഹിക്കുന്നു. എന്നാൽ ഞങ്ങൾക്ക് പറയാനുള്ള ഒരു കാര്യം, ധാരാളം എക്സ്ട്രാ ഓർഡിനറി കാര്യങ്ങൾ ചെയ്യുന്ന വ്യക്തിയെന്ന നിലയിൽ നിങ്ങൾ അതിനൊന്നും ഇവിടെ മുതിരരുത് എന്നാണ്.” അന്ന് സി.എം.സിയിൽ 2500 -ൽ താഴെ ഔട്ട് പേഷ്യൻസ് മാത്രമുള്ള സമയമാണ്. മൊത്തത്തിൽ സി.എം.സി നല്ല നിലയിൽ പ്രവർത്തിക്കുന്ന കാലമല്ലായിരുന്നു അത്. ആശുപത്രിയുടെ മൊത്തം വരുമാനം ഒരു കോടി 20 ലക്ഷം മാത്രമായിരുന്നു. എന്നെ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുമ്പോൾ ഇങ്ങനെ അവരെനിക്ക് കുറെ ഉപദേശങ്ങൾ തന്നു. ‘ദയവായി മണ്ടത്തരങ്ങൾക്കൊന്നും മുതിരരുത്. ഒന്നിനും എടുത്തു ചാടരുത്...’ എനിക്ക് എടുത്തുചാടാനുള്ള ഒരു ടെൻഡൻസി ഉണ്ടെന്ന് അവർക്കറിയാം. അപ്പോൾ ഞാൻ ചോദിച്ചു: ‘എനിക്ക് ചെറിയ ചെറിയ കാര്യങ്ങൾ ചെയ്യാമോ?’ ആ ചോദ്യം അവർക്കത്ര ഇഷ്ടപ്പെട്ടില്ല.

ടൈറ്റൻ യുവർ ബെൽറ്റ് ആൻഡ് ലുക്കാഫ്റ്റർ വാ




സി എം സി റാനിപെട്ട് ക്യാമ്പസ്

ട്ട് യു ഹാവ്. ഡോണ്ട് ട്രൈ ടു ഡൂ എനിതിങ്. രോഗികളിൽ നിന്ന് ലഭിക്കുന്ന തുകയുടെ 30% രോഗികൾക്ക് ചെലവാക്കുകയും പത്തൊൻപത് ശതമാനം അവിടെ വിദ്യാർത്ഥികളുടെ പഠനത്തിന് ചെലവാക്കുകയുമാണ് ചെയ്യുന്നത്. അന്ന് ഒരു വിദ്യാർത്ഥി MBBS പഠിച്ചിറങ്ങണമെങ്കിൽ പത്തുലക്ഷം രൂപയെങ്കിലും ഒരു വർഷം ചെലവാകും. അപ്പോൾ രോഗികളുടെ എണ്ണം വർദ്ധിച്ചെങ്കിലേ എന്തെങ്കിലും വരുമാനമുണ്ടാകുവാൻ കഴിയൂ. സാമ്പത്തികനിലയുള്ള രോഗികൾ വെല്ലൂരിൽ വന്നാൽ അവർക്കു വേണ്ട യാതൊരു രീതിയിലുള്ള സംവിധാനവും അന്ന് വെല്ലൂരിലില്ല. അങ്ങനെ പണമുള്ളവർ അപ്പോളോ പോലെയുള്ള ആശുപത്രികളിലേക്ക് പോകാൻ തുടങ്ങി. എല്ലാത്തരത്തിലും വെല്ലൂർ സി.എം.സി ഒരു വലിയ പ്രതിസന്ധിയിലായിരുന്ന കാലമായിരുന്നു അത്. അപ്പോൾ രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായെങ്കിൽ മാത്രമേ വരുമാനം ഉണ്ടാകുകയുള്ളൂ. അവിടെയെത്തുന്ന രോഗികളിൽ ബഹുഭൂരിപക്ഷവും വെസ്റ്റ് ബംഗാളിൽനിന്നുള്ളവരാണ്. അപ്പോൾ പണം കണ്ടെത്തേണ്ടത് ഒരു അനിവാര്യഘടകമായി മാറി. അങ്ങനെ മില്യൺ ഡോളർ ക്യാമ്പയിനിലൂടെ രണ്ട് പ്രൈവറ്റ് റൂമുകൾ പുതുക്കിപ്പണിയുവാൻ ആരംഭിച്ചു. അതിന് കുറേ വഴക്കുകൾ കിട്ടി. എങ്കിലും ആ പണി പൂർത്തിയാക്കി. ഇങ്ങനെയാണോ പാവങ്ങളെ ശുശ്രൂഷിക്കുന്നത്? ഇത് കോർപ്പറേറ്റ് ലൈനല്ലേ? എന്നൊക്കെ പലരും ചോദിച്ചു. തിരിഞ്ഞുനോക്കുമ്പോൾ എനിക്ക് മിഷണറിമാരുടെ കാര്യമാണ് ഓർമ്മ വരുന്നത്. അന്ന് അവർക്ക് ദൈവവിളി ഉണ്ടായിരുന്നു. ദൈവികശുശ്രൂഷയിലേക്ക് പോകുവാൻ അവരെ ദൈവം വിളിക്കുന്നുവെന്ന ബോധം ഉണ്ടായിരുന്നു. രണ്ടാമത്, ആ വിളി സ്വീകരിക്കുവാൻ തയ്യാറായവർ ഉണ്ടായിരുന്നു. അവർ അവരുടെ വീടും ബന്ധുമിത്രാദികളെയും വിട്ട് അന്യനാട്ടിലേക്ക് ഇറങ്ങിത്തിരിച്ചു. മൂന്നാമത്, അവരെ പിന്തുണച്ചു നിലനിർത്തുവാൻ മിഷണറി സൊസൈറ്റി തയ്യാറായി. പാവങ്ങളെ ശുശ്രൂഷിക്കാൻ നമ്മുടെ കയ്യിൽ പണമില്ല. അതിനുള്ള പണം കണ്ടെത്തുവാൻ പണമുള്ളവർക്ക് ശുശ്രൂഷ നൽകി വാങ്ങുകയാണെന്ന് അവർക്ക് മനസ്സിലായില്ല. എന്നാൽ ആ മുറികൾ തുറന്നപ്പോൾ മുതൽ ഓരോ ദിവസവും വരുമാനം വർദ്ധിച്ചു. ഒരു ദിവസംപോലും ആ മുറികൾ കാലിയായി കിടന്നില്ല. ഇത് എന്റെ ആത്മവിശ്വാസം വർധിപ്പിച്ചു. അതെനിക്ക് എ ബ്ലോക്ക് നിർമ്മിക്കാനുള്ള ആത്മവിശ്വാസം നൽകി.

ലേഡി ഇന്റേൺസ് ക്വാർട്ടേഴ്സ് താഴെ ഇറക്കേണ്ടി വന്നു. ടൗൺ കാമ്പസിന്റെ ഹൃദയഭാഗത്തുള്ള ആ സ്ഥലം ഞങ്ങൾ 273 കിടക്കകളുള്ള സ്വകാര്യമുറികൾ നിർമ്മിക്കാൻ ഉപയോഗിച്ചു. മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഒമ്പതാം നിലയിൽ 12 കിടക്കകളുള്ള സൗകര്യവും ഞങ്ങൾ സജ്ജമാക്കി. എ ബ്ലോക്കിൽ ഒരു ഐ.സി.യുവും റേഡിയോളജി, ലാബ് ഇൻവെസ്റ്റിഗേഷനുകൾക്കുള്ള സൗകര്യങ്ങളുമുണ്ടായി. പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സൗജന്യ/സബ്സിഡിയോടെയുള്ള പരിചരണം നൽകാൻ ഞങ്ങളെ സഹായിക്കുന്ന നല്ല നിലവാരമുള്ള വരുമാനമുണ്ടാക്കുന്ന സൗകര്യം സൃഷ്ടിക്കുക എന്നതായിരുന്നു ആശയം. 2007-ൽ ഞാൻ ഡയറക്ടറായിരിക്കെ ഞങ്ങൾ പദ്ധതി പൂർത്തിയാക്കി. എ ബ്ലോക്ക് ഞങ്ങൾക്ക് ഓരോ വർഷവും 100 കോടി മിച്ചം നൽകി.

**റാനിപെട്ട് കാമ്പസിന്റെ ഉത്ഭവവും വളർച്ചയും**

കാട്പ്പാടിയിൽനിന്നു വരുന്ന വഴിക്കുള്ള ഹോട്ടൽ ഒരു കോടി എൺപതിനായിരം രൂപ മുടക്കി വാങ്ങിയെങ്കിലും രോഗികളെ കിടത്തുവാൻ സ്ഥലം തികയുന്നില്ല. കാമ്പസിനു പുറത്ത് സ്ഥലം കണ്ടെത്തേണ്ടതായി വന്നു. അവസാനം ഞങ്ങളെ സഹായിക്കുവാൻ സൊളെനാഥൻ എന്ന ഒരാൾ എത്തി. റാനിപ്പെട്ടിൽ നൂറ് ഏക്കർ വസ്തു പലരുടെ കയ്യിലാണ്. ഞങ്ങൾ നേരിട്ടു വാങ്ങുവാൻ ശ്രമിച്ചാൽ അത് പ്രതിസന്ധി സൃഷ്ടിക്കും. സൊളെനാഥൻ പല വസ്തു ഉടമകളോടും ഇടപെട്ടാണ് നൂറ് ഏക്കർ വാങ്ങിയത്. എ ബ്ലോക്ക് ഞങ്ങൾക്ക് നൽകിയ ധൈര്യത്തിലാണ് റാണിപ്പെട്ടിൽ 100 ഏക്കർ വാങ്ങിയത്. പിന്നീട് അതിനു മുന്നിലുള്ള കുറെ ഭൂമി കൂടി വാങ്ങി. ഇതെന്തിന് വാങ്ങുന്നു എന്ന ചോദ്യം അന്ന് പലയിടത്തുനിന്നുയർന്നു. ഓരോരുത്തരെയും ഇത് ബോധ്യപ്പെടുത്താൻ നാല്പതോളം മീറ്റിങ്ങുകൾ നടത്തേണ്ടി വന്നു. 12 കിലോമീറ്റർ അകലെ നൂറ് ഏക്കർ വാങ്ങിയത് വലിയ തോതിൽ വിമർശന വിധേയമായി. ഐഡാ സ്കഡർ ആദ്യം ക്ലിനിക്ക് ആരംഭിച്ചത് 1900-ൽ സായ്നാഥപുരം എന്ന സ്ഥലത്താണ്. 1902-ലാണ് ഇപ്പോഴത്തെ കണ്ണാശുപത്രി സ്ഥാപിക്കപ്പെട്ടത്. 1924-ലാണ് ഇപ്പോഴത്തെ ടൗൺ ആശുപത്രി 24 ഏക്കറിൽ വരുന്നത്. ക്ലോക്ക് ടൗവർ ലോക്കൽ ആളുകൾ കൊടുത്തതാണ്. ഐഡാ സ്കഡർ ഇവിടെനിന്ന് നാലു മൈൽ അകലെയുള്ള കുന്നിൽ നടന്നുപോയി കണ്ടിട്ടാണ് മെഡിക്കൽ കോളജിനു വേണ്ടി 200 ഏക്കർ സ്ഥലം വാങ്ങിക്കുവാനുള്ള പണം അമേരിക്കൻ സഭകളിൽനിന്നു സമാഹരിച്ചത്. കോളജ് കാമ്പസിൽ ഒരു ചാപ്പൽ 1932-ലാണ് പണിയുന്നത്. കോളജിൽ എന്തെങ്കിലും പരിപാടിയുണ്ടെങ്കിൽ ഇവിടെനിന്നു നടക്കണം. ഒന്നുമില്ലായ്മയിൽ നിന്നാണ് കോളജ് ഈ നിലയിലെത്തിയതെന്ന് വ്യക്തമാക്കാനാണ് ഇത്രയും വിശദീകരിച്ചത്.

നമ്മൾ വസ്തു വാങ്ങിക്കുന്ന സമയം റാനിപെട്ടിൽ ഹൈവേ രൂപപ്പെട്ടിരുന്നില്ല. ഈ സ്ഥലം ഇത്രയധികം വികസിക്കുമെന്ന് ആർക്കും ചിന്തിക്കാൻ പോലും കഴിയില്ലായിരുന്നു. എന്നാൽ ഇന്നു നമുക്ക് ചിന്തിക്കാൻ കഴിയാത്ത തരത്തിൽ റാനിപ്പെട്ട് ക്യാമ്പസ് വികസിച്ചു. ഇപ്പോൾ ഒരു ദിവസത്തെ അവിടുത്തെ രോഗികളുടെ എണ്ണം 12,500 ആണ്. 2002-ൽ 2000 രോഗികളായിരുന്നു സി.എം.സിയിൽ ഉണ്ടായിരുന്നത് എന്ന് ഓർക്കണം. 2006-ൽ ഒരു സെന്റിന് 18,000 രൂപയ്ക്കാണ് ഇതു വാങ്ങിയത്. അങ്ങനെ ഞാൻ ഇപ്പോഴത്തെ ഹോസ്പിറ്റലിനുള്ള പ്ലാൻ വരച്ച് 2007-ൽ എന്റെ പിൻഗാമിയെ ഏല്പിച്ചിട്ടാണ് വിരമിക്കുന്നത്.

ഞാൻ മണ്ടത്തരം ചെയ്യുന്നു എന്നായിരുന്നു അന്ന് പൊതുവേ ഉയർന്ന സംസാരം. കാരണം, ഈ മെയിൻ ക്യാമ്പസിൽനിന്ന് ഇത്രയും ദൂരെ ഇതൊരിക്കലും വിജയകരമാകില്ല എന്നതായിരുന്നു അവരുടെ ചിന്ത. മറ്റൊരു ക്യാമ്പസ് എന്ന ആശയം അന്ന് ഒരു തരത്തിലും അവർക്ക് ചിന്തിക്കാൻ കഴിയുമായിരുന്നില്ല.

ഇപ്പോൾ നിരവധി ആളുകൾ അതു കാണുമ്പോൾ എന്നെ പുകഴ്ത്താറുണ്ട്. പക്ഷേ, ഞാനത് ആഗ്രഹിക്കുന്നില്ല. എന്നാൽ നമ്മുടെ ചിന്തയിലെ വലിയ ന്യൂനത നമ്മൾ മനസ്സിലാക്കണം. സെന്റിന് 18,000 രൂപ നല്കി ഭൂമി വാങ്ങി എന്നത് അന്നു വലിയ വിമർശനത്തിനിടയാക്കി. എന്റെ പിൻഗാമിയായി വന്നത് സുരഞ്ജൻ ഭട്ടാചാരിയാണ്. ആ കാലഘട്ടത്തിൽ കാര്യമായ പുരോഗതിയൊന്നും ഈ പ്രൊജക്ടിനുണ്ടായില്ല. തുടർന്ന് എന്റെ സഹോദരീഭർത്താവായ സുനിൽ ചാണ്ടി ഡയറക്ടറായി എത്തി. ഭാഗ്യവശാൽ ഇതിന്റെ ആദ്യ പ്ലാനിങ്ങുകളിൽ സുനിൽ എന്നോടൊപ്പം പ്രവർത്തിച്ച വ്യക്തിയാണ്. അദ്ദേഹം ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ടായി എന്റെയൊപ്പമുണ്ടായിരുന്നു. അദ്ദേഹം ഇതിന്റെ പണികൾ ആരംഭിച്ചു. അങ്ങനെ 2006-ൽ വാങ്ങിയ ഈ സ്ഥലത്ത് 2022-ലാണ് കാമ്പസ് തുറക്കുന്നത്. മുഖ്യമന്ത്രി സ്റ്റാലിൻ ഉദ്ഘാടനം നിർവഹിച്ച ആ ചടങ്ങ് പക്ഷേ, വളരെ സങ്കടകരമായ രീതിയിലായിരുന്നു. കെട്ടിടം പണിയുവാൻ 800 കോടി രൂപ ലോൺ എടുത്തതു കാരണം എല്ലാവരും ചിന്തിച്ചത് ഇതു വിജയിക്കില്ല എന്നു തന്നെയായിരുന്നു. ചാണ്ടിമാർ ചേർന്ന് വെല്ലൂരിനെ നശിപ്പിച്ചു എന്നതായിരുന്നു പലരുടെയും വിമർശനം. പക്ഷേ, ഇന്ന് എത്ര മാത്രം കണികാപുരം വളർന്നിരിക്കുന്നു എന്നത് അവിടെ പോയിട്ടുള്ളവർക്കറിയാം.



സി എം സി റാനിപെട്ട് ക്യാമ്പസ്

**വെല്ലൂർ സി.എം.സി ഒരിക്കലും അങ്ങനെയാകരുത്. എല്ലാവർക്കും മികച്ച ചികിത്സ ലഭിക്കുന്ന ആശുപത്രി ആയിരിക്കണം. എന്നാൽ ഇന്ന് ആശുപത്രി സാധാരണക്കാർക്ക് താങ്ങാവുന്ന തരത്തിലല്ല എന്നത് സത്യമാണ്.**

**വെല്ലൂർ സി.എം.സിയിലെ ചികിത്സ സാധാരണക്കാർക്ക് താങ്ങാനാവില്ലെന്നതാണ് ഇപ്പോഴത്തെ വിമർശനം. ധനികരുടെ മാത്രം ആശുപത്രിയായി മാറിയോ?**

കണികാപുരം വന്നതുകൊണ്ടല്ല ആശുപത്രിയിലെ ചികിത്സാച്ചെലവ് കൂടിയത്. ഡോ. ജെ.ബി. പീറ്റർ ഡയറക്ടറായിരുന്നപ്പോൾ എടുത്ത തീരുമാനങ്ങളായിരുന്നു. വെല്ലൂർ സി.എം.സി നഷ്ടത്തിലാകുമെന്ന് കണക്കുകൂട്ടി ചികിത്സാച്ചെലവ് അദ്ദേഹം വർദ്ധിപ്പിച്ചു. രണ്ടു കാമ്പസിലെയും ചാർജ് കൂട്ടി. അത് സാധാരണക്കാർക്ക് താങ്ങാവുന്നതിലുപരിയായി. വെല്ലൂർ സി.എം.സി ഒരിക്കലും അങ്ങനെയാകരുത്. എല്ലാവർക്കും മികച്ച ചികിത്സ ലഭിക്കുന്ന ആശുപത്രി ആയിരിക്കണം. എന്നാൽ ഇന്ന് ആശുപത്രി സാധാരണക്കാർക്ക് താങ്ങാവുന്ന തരത്തിലല്ല എന്നത് സത്യമാണ്. 53 സഭകളുടെ പ്രതിനിധികളുള്ള കൗൺസിലാണ് വെല്ലൂരിലെ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. ഇക്കാര്യം കൗൺസിൽ പുനഃപരിശോധിക്കണമെന്നു തന്നെയാണ് എന്റെ നിലപാട്. 1000 രൂപ വാടകയുണ്ടായിരുന്ന മുറികൾക്ക് 8000 രൂപ കൊടുക്കണം. 8000 കോടി രൂപ ലോൺ എടുക്കുമ്പോൾ അത് തിരികെ കൊടുക്കുവാൻ ചാർജ് കൂട്ടേണ്ടേയെന്ന് ചോദിക്കാം. ലോൺ കാലാവധിക്കു മുമ്പേ അടച്ചു തീർക്കാവുന്ന രീതിയിലാണ് കാര്യങ്ങൾ മുമ്പോട്ടു പോകുന്നത്. അതുപോലെ MRI, CT പോലെയുള്ള ഉപകരണങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെയെത്തുന്ന രോഗികൾക്ക് മൂന്നാഴ്ചയിലധികം കാത്തിരുന്നെങ്കിലേ ഈ പരിശോധനകൾക്ക് അപ്പോയിമെന്റ് ലഭിക്കുന്നുള്ളൂ. അതുകൊണ്ട് ഞാൻ പലപ്പോഴും ഇവിടെ നടക്കാത്ത കാര്യങ്ങളേ അങ്ങോട്ട് വിടാറുള്ളൂ. തീർച്ചയായും ഇതിനു മാറ്റമുണ്ടാകണം.

സി.എസ്.ഐ മദ്ധ്യകേരള മഹായിടവക കണികാപുരത്ത് വാങ്ങിയിരിക്കുന്ന സ്ഥലം ആശുപത്രിയോടു ചേർന്നാണ്. കണ്ണായ സ്ഥലമാണത്. കല്ലിടീൽ ചടങ്ങിന് ഞാനും പോയിരുന്നു. കണികാപുരത്ത് വരുന്ന രോഗികൾക്ക് ഏറ്റവും പ്രയോജനപ്രദമായ രീതിയിൽ സെന്റർ പണിയുവാൻ സാധിക്കും. മാർത്തോമ്മാ സഭ വാങ്ങിയ സ്ഥലം മൂന്നു കിലോമീറ്റർ അകലെയാണ്.

**മിഷൻ ഹോസ്പിറ്റലുകൾ ക്ഷീണാവസ്ഥയിലാണ്. രക്ഷപ്പെടുത്താൻ എന്തെങ്കിലും വഴികൾ?**

സഭാ ആശുപത്രികൾ ഭംഗിയായി നടക്കണമെങ്കിൽ പ്രാഥമിക പരിചരണത്തിൽ (Primary Care) ശ്രദ്ധ കേന്ദ്രീകരിക്കണം. സാധിക്കുമെങ്കിൽ രണ്ടാംഘട്ട പരിചരണവും (Secondary Care). ഇനിയുള്ള കാലങ്ങളിൽ സഭയ്ക്ക് തൃതീയ പരിചരണവും (Tertiary Care) നടത്തിക്കൊണ്ടു പോകാൻ ബുദ്ധിമുട്ടാണ്. എന്നാൽ ബിലീവേഴ്സ് പോലെയുള്ള ആശുപത്രികൾ മൂന്നാംഘട്ട പരിചരണത്തിലാണ് ഇപ്പോൾ ഫോക്കസ് ചെയ്തിരിക്കുന്നത്. കാരണം കോവിഡ് സമയത്ത് വളരെ ഫലപ്രദമായ രീതിയിൽ ആക്ട് ചെയ്യാൻ ഈ ആശുപത്രിക്ക് സാധിച്ചു. ഞങ്ങൾ കോവിഡിന്റെ ആദ്യദിവസങ്ങളിൽ രോഗികളെ എടുക്കുന്നില്ലായിരുന്നു. എന്നാൽ ദിവ്യ എസ് അയ്യർ എന്റെ വിദ്യാർത്ഥിയായിരുന്നു. അവർ കലക്ടറായിരുന്നപ്പോൾ, അവിടെ എന്തുകൊണ്ട്

എടുത്തുകൂടാ എന്ന് എന്നോട് അന്വേഷിച്ചു. അങ്ങനെയാണ് ഞങ്ങൾ കോവിഡിനു വേണ്ടി ആശുപത്രി തുറന്നു കൊടുത്തതും പ്രവർത്തനമാരംഭിച്ചതും. ശൈലജ ടീച്ചറും ഈ ആവശ്യത്തിനായി വിളിച്ചിരുന്നു. കോവിഡ് സമയത്ത് പ്രവർത്തിച്ചതുകൊണ്ട് കോവിഡ് കഴിയുമ്പോൾ ഇത് പൂട്ടിപ്പോകുമെന്ന് വ്യാപകമായ പ്രചാരണമുണ്ടായിരുന്നു. എന്നാൽ ഇപ്പോഴും ആശുപത്രി നല്ല നിലയിൽ പ്രവർത്തിക്കുന്നു.

പണം മുടക്കിയാൽ ആശുപത്രി വളരെ വിജയകരമായി നല്ല രീതിയിൽ വരുമാനമുണ്ടാക്കാവുന്ന തരത്തിൽ നടത്തിക്കൊണ്ടുപോകാവുന്ന സ്ഥാപനമാണ്. എന്നാൽ മെഡിക്കൽ കോളേജ് മുന്നോട്ടു പോകുക എന്നത് വളരെയധികം ബുദ്ധിമുട്ടുള്ളതാണ്. ഇപ്പോൾ കേന്ദ്ര ഗവണ്മെന്റിന്റെ നിയന്ത്രത്തിലുള്ള എൻ.എം.സിയാണ് (നാഷണൽ മെഡിക്കൽ കമ്മീഷൻ) ഇതിന്റെയെല്ലാം നിയന്ത്രണം. മുഴുവൻ കൈക്കൂലിമയമാണ്. ഇൻസ്പെക്ഷനു വരുന്നവർ ഹോട്ടലിൽവച്ചു കണ്ട് പണം വാങ്ങി പോവുകയാണ്, ആശുപത്രികളിലേക്കു പോലും എത്താറില്ല. അപ്പോൾ മികച്ച രീതിയിൽ കുട്ടികളെ പഠിപ്പിക്കണമെന്ന ചിന്തയോടെ നടത്തുന്ന ഒരു മെഡിക്കൽ കോളജിനു പോലും മര്യാദയ്ക്ക് കോളജുകൾ നടത്താൻ കഴിയില്ല. അല്ലെങ്കിൽ കേരളത്തിൽ നടക്കുന്ന തട്ടിക്കൂട്ട് മെഡിക്കൽ കോളജുകൾ പോലെയുള്ള കോളജുകളിലാണെങ്കിൽ ഒരു ബുദ്ധിമുട്ടും വരുത്തില്ല. അധികൃതർ പരിശോധനയ്ക്ക് എത്തുന്ന സമയങ്ങളിൽ എവിടുന്നെങ്കിലും രോഗികളെ കൊണ്ടിടും. ഫാക്കൽട്ടിയും ക്രമീകരിക്കും. എനിക്കറിയാവുന്ന പല സ്വകാര്യ മെഡിക്കൽ കോളേജുകളിലും സ്റ്റാഫുമില്ല, രോഗികളുമില്ല. കേരളത്തിൽ പല സ്വകാര്യ മെഡിക്കൽ കോളജുകളിൽനിന്ന് പഠിച്ചിറങ്ങുന്ന കുട്ടികളുടെ അവസ്ഥ വളരെ പരിതാപകരമാണ്.

ബിലീവേഴ്സ് ഹോസ്പിറ്റൽ ക്രിസ്തീയ മൂല്യങ്ങളിൽ ഉറച്ചു നിന്നാണോ പ്രവർത്തിക്കുന്നത്?

ഇൻസെന്റീവ് എന്ന ഒരു സംഗതി ഇവിടെയില്ല. അതുപോലെ ടെസ്റ്റുകൾക്ക് ഡോക്ടറിന് കമ്മീഷൻ നൽകുന്ന ഏർപ്പാടുമില്ല. (ഉദാഹരണത്തിന് പലയിടത്തും ഒരു എം.ആർ.ഐ ചെയ്താൽ 60% വരെ ഡോക്ടർക്ക് ലഭിക്കും). അതുപോലെ ബ്ലാക്ക് ആയി ഞങ്ങൾ സ്റ്റാഫിന് ശമ്പളം കൊടുക്കാറില്ല. ഒരിക്കൽ ഇവിടെ ജോയിൻ ചെയ്യാൻ വന്ന ഒരു ഓർത്തോ-ഡോക്ടർക്ക് അദ്ദേഹം മുൻപ് ജോലി ചെയ്തിരുന്ന ആശുപത്രിയിലെ ശമ്പളം കേട്ടപ്പോൾ ഞാൻ അക്ഷരാർത്ഥത്തിൽ ഞെട്ടി. ബാക്കി ബ്ലാക്കിലാണ് ലഭിച്ചിരുന്നത്. ഇവിടെ TDS കട്ട്ചെയ്തിട്ടാണ് ഡോക്ടർമാർക്കും സ്റ്റാഫിനും ശമ്പളം നൽകുന്നത്. അതുപോലെ മെഡിക്കൽ റെപ്പിന് ഇവിടെ അനുവാദമില്ല. ഇതെല്ലാം എനിക്ക് വെല്ലൂർ സി.എം.സിയിൽനിന്ന് ലഭിച്ചിട്ടുള്ള കാര്യങ്ങളാണ്. എന്നോട് ഇവിടെയുള്ള ഒരു ഡോക്ടർ ചോദിച്ചിട്ടുണ്ട്, 'ഡോക്ടറേ, ഞങ്ങൾക്ക് അല്പം പണം കിട്ടുന്നതിന് എന്താണ് ഡോക്ടർക്ക് പ്രശ്നം ? കമ്മീഷൻ ലഭിക്കുന്നതിൽ എന്താണ് അപകടം?' ഞാൻ പറഞ്ഞു, 'നിങ്ങൾക്ക് പണം കിട്ടുന്നതിൽ എനിക്ക് പ്രശ്നമൊന്നുമില്ല. എന്നാൽ നിങ്ങൾ ആദ്യദിവസം ഒരു രോഗി വരുമ്പോൾ ആവശ്യപ്പെടുന്ന എം.ആർ.ഐ ആവശ്യമുള്ളതായിരിക്കാം. എന്നാൽ രണ്ടാം ദിവസം നിങ്ങൾ എം.ആർ.ഐ-ക്ക് അയയ്ക്കുന്ന രോഗിക്ക് ചിലപ്പോൾ അതിന്റ ആവശ്യമില്ലായിരിക്കും. അപ്പോൾ പണം ലഭിക്കണമെന്ന ചിന്തയിലായിരിക്കും ഒരുപക്ഷേ നിങ്ങൾ ആ രോഗിയെ എം.ആർ.ഐയ്ക്ക് നിർബന്ധിക്കുന്നത്. കാരണം ഇന്നലെ ലഭിച്ച കമ്മീഷൻ നിങ്ങളുടെ മനസ്സിലുണ്ടാകും. ആ ടെംപ്ടേഷൻ ഇല്ലാതിരിക്കാൻ വേണ്ടിയാണ് ഞാനത് വേണ്ട എന്നു വച്ചത്.

## പത്രദ്വാരം

ജോസ് കെ. തോമസ്



# യെശയ്യാപ്രവചനം: ഒരു പരിസ്ഥിതിദൈവശാസ്ത്ര വായന

വിജി വർഗീസ് ഈപ്പൻ



ബൈബിളിലെ പ്രവാചകപുസ്തകങ്ങളിൽ ഏറെ സവിശേഷതകളുള്ള യെശയ്യാപ്രവാചകന്റെ പുസ്തകത്തെ ആധാരമാക്കിയുള്ള വ്യാഖാനങ്ങൾ പൊതുവേ മനുഷ്യകേന്ദ്രിതവും യിസ്രായേൽവംശ കേന്ദ്രിതവും പരലോകോന്മുഖവുമാണ്. 66 അദ്ധ്യായങ്ങളുള്ള ഈ പുസ്തകത്തിന്റെ ആദ്യഭാഗത്തിൽ (1 മുതൽ 39 വരെയുള്ള അദ്ധ്യായങ്ങൾ) യിസ്രായേലിന്റെ അന്നത്തെ സാമൂഹികരാഷ്ട്രീയ യാഥാർത്ഥ്യങ്ങളെയും ആശങ്കകളെയും കുറിച്ചും രണ്ടാംഭാഗത്ത് (40 മുതൽ 66 വരെയുള്ള അദ്ധ്യായങ്ങൾ) ദൈവജനം പ്രവാസത്തിൽ പോകുന്നതിനെക്കുറിച്ചും, പിന്നീട് യഹോവ അവരെ ആ പ്രവാസത്തിൽനിന്നു വിടുവിച്ച് യിസ്രായേലിലേക്കു മടക്കിക്കൊണ്ടു വരുന്നതിനെക്കുറിച്ചും പ്രതിപാതിച്ചിരിക്കുന്നുവെന്ന് റോബർട്ട് ബി. ചിഷോം (Robrt B. Chisholm) ഉൾപ്പെടെയുള്ള പഴയനിയമ പണ്ഡിതർ അഭിപ്രായപ്പെടുന്നു. 2 ഈ പുസ്തകത്തെ ആധാരമാക്കിയുള്ള യുഗാന്ത്യദൈവശാസ്ത്രപഠനങ്ങളും പൊതുവെ മനുഷ്യകേന്ദ്രിതമാണ്; അതോടൊപ്പം, പരലോകോന്മുഖവുമാണ്. സൂ ജെ.കിം (Soo J.Kim), യൂറ്റാ ഷ്മിറ്റ് (Uta Sehmidt) തുടങ്ങിയ പണ്ഡിതർ യെശയ്യാപ്രവചനത്തിൽ കാണുന്ന യുഗാന്ത്യദർശനം ഇഹലോകത്തിലെ 'പാപം–ന്യായവിധി–രക്ഷ' എന്ന രേഖീയമായ (linear) ചരിത്രമാണെന്ന് വാദിക്കുന്നുണ്ടെങ്കിലും നമ്മുടെ 'ജനപ്രിയ' വായനകളിൽ (popolur readings) ഈ യുഗാന്ത്യത്തെ പരലോകഭാഗ്യമായി മാത്രം വ്യാഖ്യാനിച്ച് കാണുന്നു.[3] ഇഹലോകത്തിൽ തന്നെ പീഡിതന് പ്രത്യാശയും സന്തുഷ്ടിയും (utopia), അപരാധിക്ക് നിരാശയും അസന്തുഷ്ടിയും (dystopia) വാഗ്ദാനം ചെയ്യുന്ന യുഗാന്ത്യശാസ്ത്രമാണ് യെശയ്യാപ്രവചനത്തിലേതെന്ന വസ്തുത വിസ്മരിച്ചുകൊണ്ടാണ് ഈ പരലോകവ്യാഖ്യാനങ്ങൾ.

ഇങ്ങനെയുള്ള മനുഷ്യ, വംശീയ കേന്ദ്രിതവും പാരത്രികവുമായ വേദപുസ്തക വായനയിൽനിന്നു വ്യത്യസ്തമായി വേദപുസ്തകത്തെ ഒരു പരിസ്ഥിതിനീതി ഹെർമെന്യൂട്ടിക്കിലൂടെ (eco-justice hermeneutics) വ്യാഖ്യാനിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. കാരണം അങ്ങനെയുള്ള വായനകൾക്കു മാത്രമേ സമസ്ത സൃഷ്ടിജാലങ്ങളുടെയും അന്തസ്സും സമഗ്രതയും ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ആത്മീയത രൂപപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ലിൻ വൈറ്റ് (Lyn White), നോർമൻ ഹാബേൽ (Norman C. Habel) തുടങ്ങിയ പണ്ഡിതരും ഇതേ അഭിപ്രായക്കാരാണ്. പാരിസ്ഥിതിക പാപ്പരത്വവും ബൈബിൾ ഗ്രന്ഥങ്ങളുടെ വികലമായ ഭൂമിനിഷേധ്യ ദൈവശാസ്ത്ര വ്യാഖ്യാനങ്ങളും പ്രകൃതിയോടുള്ള നമ്മുടെ നിഷേധാത്മക മനോഭാവം വളർത്തിയെടുക്കുന്നതിൽ പ്രധാനപങ്ക് വഹിച്ചിട്ടുണ്ടെന്ന് ഇന്ത്യൻ ദൈവശാസ്ത്രജ്ഞനായ ജോർജ്ജ് സഖറിയായും വാദിക്കുന്നു.[4] സമാധാനത്തെ (ശാലോം) കുറിച്ചുള്ള ബൈബിൾ ദർശനം പൂർത്തീകരിക്കുന്നതിന് മൃഗങ്ങൾ ഉൾപ്പെടെ എല്ലാ ജീവജാലങ്ങളുടെയും നീതി ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്നും അതിനാവശ്യം മനുഷ്യകേന്ദ്രിതമായ സമീപനങ്ങളല്ലെന്നും പരിസ്ഥിതി പ്രവർത്തകനായ മാത്യു കോശി പുന്നക്കാടും പ്രസ്താവിക്കുന്നു.[5]

വേദപുസ്തകത്തിന്റെ മനുഷ്യകേന്ദ്രിത വായനകളിൽനിന്ന് പാരിസ്ഥിതികോന്മുഖമായ വായനകളിലേക്കുള്ള ചുവടുമാറ്റത്തിന് നിദാനമായ ഒരു ലേഖനമാണ് നോർമൻ ഹാബേലിന്റെ *Guiding Ecojustice Principles*. ഈ ലേഖനത്തിൽ താഴെപ്പറയുന്ന ആറു പരിസ്ഥിതി നീതി തത്വങ്ങൾ ഹാബേൽ അവതരിപ്പിക്കുന്നു.[6]

1. അന്തർലീനമായ ശ്രേഷ്ഠതയുടെ തത്വം (The principle of intrinsic worth)

2. പരസ്പര ബന്ധത്തിന്റെ തത്വം (The principle of inter-connectedness)

3. ശബ്ദത്തിന്റെ തത്വം (The principle of voice)

4. ഉദ്ദേശ്യത്തിന്റെ തത്വം (The principle of purpose)

5. പരസ്പര സംരക്ഷണത്തിന്റെ തത്വം (The principle of mutual custodianship)

6. പ്രതിരോധത്തിന്റെ തത്വം (The principle of resistance)

പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ജീവജാലങ്ങളുടെ സമൂഹമാണ് ഈ ഭൂമിയെന്നും ജീവന്റെ നിലനിൽപ്പിനും അതിജീവനത്തിനുമായി ജീവജാലങ്ങൾ തമ്മിൽ പരസ്പരം ആശ്രയിക്കുന്നുവെന്നും പ്രപഞ്ചത്തിനും ഭൂമിക്കും അതിന്റെ എല്ലാ ഘടകങ്ങൾക്കും ആന്തരിക ശ്രേഷ്ഠതയും മൂല്യവുമുണ്ടെന്നും ഹാബേൽ വാദിക്കുന്നു. അതുപോലെ, ആഘോഷത്തിന്റെയും പ്രതിഷേധത്തിന്റെയും ശബ്ദമുയർത്തുവാൻ സാധിക്കുന്ന ജൈവ ഉണ്മയാണ് പ്രകൃതിയെന്നും, ഈ പ്രപഞ്ചവും ഭൂമിയും അതിലെ എല്ലാ ഘടകങ്ങളും ഒരു ചലനാത്മകമായ പ്രാപഞ്ചിക രൂപരേഖയുടെ ഭാഗമാണെന്നും ഓരോ ഘടകത്തിനും പ്രപഞ്ചത്തിന്റെ സമഗ്രമായ ഉദ്ദേശ്യത്തിന്റെയുള്ളിൽ വിശിഷ്ടമായ ഉദ്ദേശ്യമുണ്ടെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. കൂടാതെ, സന്തുലിതവും വൈവിധ്യപൂർണ്ണവുമായ മണ്ഡലമാണ് ഭൂമിയെന്നും ഈ വൈവിധ്യവും സന്തുലിതാവസ്ഥയും നിലനിർത്തുവാൻ നമുക്കാവശ്യം ആധിപത്യത്തിന്റെ മനോഭാവമല്ല, പ്രത്യുത, പരസ്പര ഉത്തരവാദിത്വത്തിന്റെയും പരസ്പര പങ്കാളിത്തത്തിന്റെയും മനോഭാവമാണെന്നും

അദ്ദേഹം വിലയിരുത്തുന്നു.

ഇവിടെ സൂചിപ്പിച്ച ആറു പരിസ്ഥിതിനീതി വ്യാഖ്യാനതത്വങ്ങളുടെ അടിസ്ഥാനത്തിൽ യെശയ്യാപ്രവചനം പഠിക്കുമ്പോൾ പരിസ്ഥിതി സംരക്ഷണ പ്രക്രിയയിൽ നമുക്കുണ്ടാകേണ്ട മൂന്നു ബോധ്യങ്ങൾ വെളിപ്പെടുന്നു: 1. സൃഷ്ടിജാലങ്ങളുടെ വൈവിധ്യവും അന്തസ്സും; 2. അവയുടെ ദൈവിക ഉദ്ദേശ്യം; 3. ദൈവിക രക്ഷാപദ്ധതിയിൽ അവയുടെ പങ്ക്. ഹാബേലിന്റെ പാരിസ്ഥിതിക നീതിതത്വങ്ങളിൽ മൂന്നു വീക്ഷണങ്ങളായ അന്തർലീനമായ മൂല്യം, പരസ്പരബന്ധം, സൃഷ്ടിയുടെ ദൈവികോദ്ദേശ്യം എന്നിവയെ ആധാരമാക്കി യെശയ്യാവ് 65:17-നെക്കുറിച്ചുള്ള ആൻ ഗാർഡ്നറിന്റെ (Anne Gardner) വിശകലനവും ജോൺ ഡബ്ല്യൂ. ഓല്ലേയുടെ (John W Olley) യെശയ്യാപ്രവചനത്തിന്റെ പാരിസ്ഥിതികോന്മുഖമായ പഠനവും ചേർത്തു വായിച്ചാൽ ഈ മൂന്നു ബോധ്യങ്ങളും പ്രസ്തുത പ്രവചനപുസ്തകത്തിൽ അടങ്ങിയിട്ടുണ്ടെന്നു വ്യക്തമാകും.[7]

## 1. സൃഷ്ടിജാലങ്ങളുടെ വൈവിധ്യവും അന്തസ്സും

യെശയ്യാവ് പ്രവചനം ആരംഭിക്കുന്നത് ആമോസ്, യെശയ്യാവ്, ഉസ്സീയാവ്, യോഥാം, ആഹാസ്, യെഹിസ്കീയാവ് ഉൾപ്പെടെ നിരവധി രാജാക്കന്മാരുടെയും പ്രവാചകന്മാരുടെയും പേരുകൾ പറഞ്ഞുകൊണ്ടാണെങ്കിലും പെട്ടെന്നു തന്നെ കാള, കഴുത മുതലായ ജീവജാലങ്ങളെക്കുറിച്ചും പറയുന്നു. പഞ്ചഗ്രന്ഥങ്ങളായ ഉൽപ്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം എന്നീ പുസ്തകങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന എണ്ണമറ്റ പക്ഷിമൃഗാദികൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജീവജാലങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് യെശയ്യാപ്രവചനം. ഇവയിൽ കാട്ടുമൃഗങ്ങളും വളർത്തുമൃഗങ്ങളും, പക്ഷികളും ഇഴജന്തുക്കളും, രാത്രിയിൽ സഞ്ചരിക്കുന്നവയും പകൽ സഞ്ചരിക്കുന്നവയും വേട്ടമൃഗങ്ങളും വേട്ടയാടപ്പെടുന്ന മൃഗങ്ങളും ഭൂമിയിൽ ഇഴയുന്നവയും ഉയരത്തിൽ പറക്കുന്നവയും ബലമേറിയവയും ബലഹീനവും ഉൾപ്പടെ വിവിധ തരത്തിലുള്ള ജീവജാലങ്ങളുണ്ട്. ചെന്നായ, കുഞ്ഞാട്, പുള്ളിപ്പുലി, കോലാട്ടുകുട്ടി, പശുക്കിടാവ്, ബാലസിംഹം, തടിപ്പിച്ച മൃഗം, പശു, കരടി, സിംഹം, കാള, സർപ്പം തുരപ്പനെലി, നരിച്ചീർ, വേഴാമ്പൽ, മുള്ളൻപന്നി, കുറുക്കൻ, ഒട്ടകപക്ഷി, പൊരുന്ന, പരുന്ത്, കഴുകൻ, മലങ്കാക്ക, അണലി, ചിലന്തി, എലി, തുള്ളൻ, വെട്ടുക്കിളി, പുഴു, കൃമി , മൂങ്ങ, ഈച്ച എന്നിവ ചില ഉദാഹരണങ്ങൾ മാത്രം . അതുകൊണ്ട്, യെശയ്യാപ്രവചനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ജന്തുലോകത്തെക്കുറിച്ചുള്ള ഭാഷയുടെയും ആലങ്കാരിക പരാമർശങ്ങളുടെയും വ്യാപ്തിയും സമൃദ്ധിയും ഈ പുസ്തകത്തെ കേവലം മനുഷ്യന്റെ കഥയുടെ പശ്ചാത്തലമായി കണക്കാക്കുന്നതിനെതിരെ ഹിലരി മാർലോവ് (Hilary Marlow) ഉൾപ്പെടെയുള്ള പണ്ഡിതർ മുന്നറിയിപ്പ് നൽകുന്നു.[8]

ജീവജാലങ്ങളുടെ വൈവിധ്യത്തെ അടയാളപ്പെടുത്തുക മാത്രമല്ല യെശയ്യാവ് ചെയ്യുന്നത്, അവയുടെ അന്തസ്സിനെയും സമഗ്രതയെയും ആദരിക്കുകയും ചെയ്യുന്നു. ഓല്ലെ സൂചിപ്പിക്കുന്നതുപോലെ വേദപുസ്തകത്തിൽ ആദ്യമായി കാളയെ 'ഉടയവനെ അറിയുന്ന കാള' എന്നും കഴുതയെ 'യജമാനനെ അറിയുന്ന കഴുത' എന്നും ഗുണപരമായി (positively) ചിത്രീകരിച്ചിരിക്കുന്നത് യെശയ്യാപ്രവചനത്തിലാണ് (1:3).[9] വന്യമൃഗങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളിൽ പോലും, രണ്ടിടങ്ങളിൽ (5:29; 46:11) ഒഴിച്ച്, ഗുണപരമായിട്ടാണ് അവയെ അവതരിപ്പിച്ചിരിക്കുന്നത്. രണ്ടിടങ്ങളിൽ മാത്രം ഭക്ഷണവും ഇരയും വിശപ്പോടെയോ വേഗത്തിലോ കഴിക്കുന്നവയായിട്ടു വന്യമൃഗങ്ങളെ വർണ്ണിച്ചുകൊണ്ട് അവയെ അസ്സീറിയയോട് ഉപമിച്ചിരിക്കുന്നത്. മറ്റെല്ലായിടങ്ങളിലും വന്യമൃഗങ്ങളെ ഉദാത്ത വാക്കുകളും ശൈലികളും ഉപയോഗിച്ചാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം സൂചിപ്പിക്കുന്നത് യെശയ്യാപ്രവചനം ജന്തുലോകത്തിനു നൽകുന്ന ആദരവിനെയാണ്.

മാത്രമല്ല, യെശയ്യാവ് മൃഗങ്ങളെയും പക്ഷികളെയും കൂടുതലായി ഉപയോഗിക്കുന്നത് മനുഷ്യന്റെ ക്രൂരതയെയും അക്രമസ്വഭാവത്തെയും അടയാളപ്പെടുത്തുവാൻ വേണ്ടിയല്ല; പ്രത്യുത ദൈവജനത്തിന്റെ വേദനയെയും ബലഹീനതയെയും നിസ്സഹായാവസ്ഥയെയും ഭയത്തെയും അടയാളപ്പെടുത്തുവാൻ വേണ്ടിയാണ്. ഓടിച്ചുവിട്ട ഇളമാനിനെപ്പോലെയും ആരും കൂട്ടിച്ചേർക്കാത്ത ആടുകളെപ്പോലെയും (13:14) കൂടു വിട്ടലയുന്ന പക്ഷികളെപ്പോലെയും (16:2), അലറുന്ന കരടികളെപ്പോലെയും ചിലയ്ക്കുന്ന മീവൽപക്ഷിയെ പോലെയും (38:14) കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും (53:7) കുറുകുന്ന പ്രാവുകളെപ്പോലെയുമാണ് യിസ്രായേലെന്നു പറയുമ്പോൾ യെശയ്യാവ് അർത്ഥമാക്കുന്നത് ഈ വസ്തുതയാണ്.[10]

മറ്റു പല പ്രവാചകപുസ്തകങ്ങളിലും മൃഗങ്ങളെ ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നത് മനുഷ്യന്റെ ആർത്തിയെയും അക്രമസ്വഭാവത്തെയും സൂചിപ്പിക്കുവാനാണ്. ഉദാഹരണത്തിന് അന്യദൈവങ്ങളുടെ പിന്നാലെ പോയ ദൈവജനത്തെ കഴുതകളുടെ ലിംഗംപോലെ ലിംഗവും കുതിരകളുടെ ബീജസ്രവണംപോലെ ബീജസ്രവണവുമുള്ള ജാരന്മാരെന്നു യെഹസ്കേൽ പ്രവാചകൻ വിളിക്കുന്നു (യെഹ. 23:20). അതുപോലെ, ലാഭമുണ്ടാക്കുന്ന പ്രഭുക്കന്മാരെ ഇര കടിച്ചുകീറുന്ന ചെന്നായോട് (യെഹ. 22:27) ഉപമിച്ചിരിക്കുന്നു. ഇതിനു വിപരീതമായി, മനുഷ്യന്റെ ജീർണിച്ചതും സദാചാരവിരുദ്ധവുമായ സ്വഭാവങ്ങളെ സൂചിപ്പിക്കുവാൻ യെശയ്യാവ് പക്ഷിമൃഗാദികളെ ഉപയോഗിക്കുന്നില്ലെന്നത് അവയുടെ അന്തസ്സിനെയും സമഗ്രതയെയും പ്രവാചകൻ ആദരിക്കുന്നതിന്റെ തെളിവായി കണക്കാക്കാം.

## 2. സൃഷ്ടിയുടെ ഉദ്ദേശ്യം

യെശയ്യാവ് 43:20-ൽ പ്രവാചകൻ പറയുന്നു: ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ജനത്തിന്നു കുടിപ്പാൻ കൊടുക്കേണ്ടതിന്നു ഞാൻ മരുഭൂമിയിൽ വെള്ളവും നിർജ്ജനപ്രദേശത്തു നദികളും നല്കിയിരിക്കുന്നതുകൊണ്ടു കാട്ടുമൃഗങ്ങളും കുറുക്കന്മാരും ഒട്ടകപ്പക്ഷികളും എന്നെ ബഹുമാനിക്കും. മനുഷ്യരെക്കുറിച്ച് മാത്രമല്ല, ജന്തുലോകത്തെക്കുറിച്ചും ദൈവത്തിന് ഉദ്ദേശ്യ

മുണ്ടെന്നും, ആ ഉദ്ദേശ്യം തിരിച്ചറിയുന്ന മൃഗങ്ങളും പക്ഷികളും അവനെ ബഹുമാനിക്കുമെന്നും ഈ വാക്യം അർത്ഥമാക്കുന്നു. യെശയ്യാവ് 41:18-20 ൽ പാഴ്മലകളിൽ നദികളെയും താഴ്‌വരകളുടെ നടുവിൽ ഉറവുകളെയും തുറന്നതും മരുഭൂമിയെ നീർപൊയ്കയും വരണ്ട നിലത്തെ നീരുറവുകളും ആക്കിയതും, മരുഭൂമിയിൽ ദേവദാരു, ഖദിരമരം, കൊഴുന്ത്, ഒലിവുവൃക്ഷം എന്നിവ നട്ടതും നിർജ്ജനപ്രദേശത്തു സരളവൃക്ഷവും പൈൻമരവും പുന്നയും വച്ചുപിടിപ്പിച്ചതും യഹോവയുടെ കൈയാണെന്ന് ഗ്രഹിക്കുന്ന മനുഷ്യൻ ആ ദൈവത്തെ ആദരിക്കുമെന്ന് പറയുന്നു. എന്നാൽ 43:20-ൽ ദൈവത്തിന്റെ അനുഗ്രഹം സർവസൃഷ്ടിക്കും അവകാശപ്പെട്ടതാണെന്നും അത് അനുഭവിക്കുന്ന സകല ജീവജാലങ്ങളും തങ്ങളെക്കുറിച്ചുള്ള ദൈവനിയോഗം തിരിച്ചറിഞ്ഞ്, ദൈവത്തെ ബഹുമാനിക്കുമെന്നാണ് പ്രവാചകൻ വ്യക്തമാക്കുന്നത്.

എങ്ങനെയാണ് ജന്തുജാലങ്ങൾ ദൈവത്തെ ബഹുമാനിക്കുന്നത്? നോർമൻ ഹാബേലിന്റെ 'ശബ്ദത്തിന്റെ തത്വം' ആധാരമാക്കി സർവസൃഷ്ടിയും ദൈവത്തെ സ്തുതിക്കുന്നുവെന്നും അവയുടെ ആഘോഷത്തിന്റെ ശബ്ദത്തിലൂടെ ദൈവത്തെ ആദരിക്കുമെന്നും വേണമെങ്കിൽ അനുമാനിക്കാം. ഈ അനുമാനത്തിന് നിദാനമാകുന്ന അനേകം വാക്യങ്ങൾ വേദപുസ്തകത്തിലുണ്ട്. ഉദാഹരണത്തിന്, സങ്കീർത്തനക്കാരൻ പറയുന്നു: ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു (സങ്കീ.19:1). എന്നാൽ, യെശയ്യാവ് അർത്ഥമാക്കുന്നത് ശബ്ദത്തിലൂടെ ദൈവത്തെ ആദരിക്കുന്നതിനേക്കാൾ സ്വഭാവരൂപാന്തരത്തിലൂടെ ദൈവത്തെ ആദരിക്കുന്നതിനെയാണ്.

ജീവജാലങ്ങൾ രൂപാന്തരത്തിലൂടെ ദൈവത്തെ ബഹുമാനിക്കുന്നുവെന്ന ആശയം യെശയ്യാവ് 34, 35 അദ്ധ്യായങ്ങളിൽ വ്യക്തമാണ്. അദ്ധ്യായം 34-ൽ യിസ്രായേലിന്റെ അവസ്ഥ വരൾച്ചയോടും വിജനതയോടും ഉപമിച്ചിരിക്കുന്നു. ആകാശം ഒരു ചുരുൾപോലെ ചുരുണ്ടുപോകുമെന്നും മുന്തിരിവള്ളിയുടെ ഇല വാടി പൊഴിയുന്നതുപോലെയും അത്തിവൃക്ഷത്തിന്റെ കായ് വാടി പൊഴിയുന്നതുപോലെയും ആകാശത്തിലെ സൈന്യങ്ങൾ പൊഴിഞ്ഞുപോകുമെന്നും പറഞ്ഞിരിക്കുന്നു. തുടർന്ന്, യഹോവ പ്രതികാരം നടത്തുന്ന ദിവസത്തെക്കുറിച്ചും സീയോന്റെ വ്യവഹാരത്തിൽ പ്രതിഫലം കൊടുക്കുന്ന സംവത്സരത്തെക്കുറിച്ചും തോടുകൾ കീലായും മണ്ണു ഗന്ധകമായും നിലം കത്തുന്ന കീലായും ഭവിക്കുമെന്നും മുന്നറിയിപ്പു നൽകുന്നു. ആ ശൂന്യതയെ വേഴാമ്പലും മുള്ളൻപന്നിയും കൈവശമാക്കുമെന്നും മൂങ്ങയും മലങ്കാക്കയും അതിൽ പാർക്കുമെന്നും പ്രവാചകൻ പറയുന്നു. 34:13-ൽ അതിന്റെ അരമനകളിൽ മുള്ളും കോട്ടകളിൽ തൂവയും ഞെരിഞ്ഞിലും മുളയ്ക്കുമെന്നും അതു കുറുക്കന്മാർക്കു പാർപ്പിടവും ഒട്ടകപ്പക്ഷികൾക്കു താവളവും ആകുമെന്നു സൂചന നൽകുന്നു. അങ്ങനെ അദ്ധ്യായം 34 വരൾച്ചയെയും വിജനതയെയും വ്യക്തമാക്കുന്നു.

എന്നാൽ യെശയ്യാവ് 35:1-ൽ ഒരു മാറ്റം ദർശിക്കുന്നു: 'മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും; നിർജ്ജനപ്രദേശം ഉല്ലസിച്ചു പനിനീർപുഷ്പം പോലെ പൂക്കും'. ഇത് ദൈവജനത്തിനു ലഭിക്കുന്ന പ്രതീക്ഷയുടെ മാത്രമല്ല, അവരുടെ അവസ്ഥയ്ക്ക് സംഭവിക്കുവാൻ പോകുന്ന രൂപാന്തരത്തിന്റെ ഭാഷ കൂടിയാണ് സൂചിപ്പിക്കുന്നത്. 35:7-ൽ മരീചിക ഒരു പൊയ്കയായും വരണ്ട നിലം നീരുറവുകളായും തീരുമെന്നും വായിക്കുന്നു. അവിടെനിന്ന് കുറുക്കന്മാർ പോകണമെന്നല്ല, പ്രത്യുത അവർ കിടന്ന സ്ഥലത്തുതന്നെ പുല്ലും ഓടയും ഞാങ്ങണയും വളരുമെന്നും പ്രവാചകൻ വ്യക്തമാക്കുന്നു. അവിടെ സിംഹവും ദുഷ്ടമൃഗവും ഉണ്ടാകില്ലെന്നും പ്രവാചകൻ പറയുന്നു. ദുഷ്ടമൃഗം എന്നതിന് എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പെറീറ്റ്സ് (pereets) എന്ന വാക്കിന്റെ അർത്ഥം 'അക്രമി', 'കൊള്ളക്കാരൻ', 'നശിപ്പിക്കുന്നവൻ' എന്നൊക്കെയാണ്.

അതായത്, ഭൂമിയിൽ സംഭവിക്കുന്ന രൂപാന്തരം തിരിച്ചറിയുന്ന മൃഗങ്ങൾ ദൈവത്തിന്റെ പരിവർത്തന പ്രവർത്തനത്തെ ഉൾക്കൊള്ളുകയും ഉറപ്പിക്കുകയും ചെയ്യുന്നു. ഭൂമിയിൽ ദൈവം വരുത്തുന്ന രൂപാന്തരത്തിനനുസൃതമായി അവയും രൂപാന്തരപ്പെടുന്നു. ആരെയും ഉപദ്രവിക്കാതെ അവ അകന്നു നിൽക്കുന്നു; അങ്ങനെ ദൈവത്തെ ആദരിക്കുന്നു. ഇപ്രകാരം സ്വഭാവമാറ്റത്തിലൂടെ ദൈവത്തെ ആദരിക്കുന്നതിന് ഓല്ലേ ഉപയോഗിക്കുന്ന പ്രയോഗമാണ് behavioural response.[11] സ്വഭാവരൂപാന്തരത്തിലൂടെ ദൈവത്തെ ആദരിക്കുകയെന്നത് ഓരോ ജീവജാലത്തിന്റെയും (മനുഷ്യർ ഉൾപ്പടെ) ദൈവികോദ്ദേശ്യമാണെന്ന് യെശയ്യാവ് വ്യക്തമാക്കുന്നു.

### (3) ദൈവിക രക്ഷാപദ്ധതിയിൽ സൃഷ്ടിയുടെ പങ്ക്

യെശയ്യാവ് 11:6-9-ൽ പ്രവാചകൻ പറയുന്നു: 'ചെന്നായ കുഞ്ഞാടിനോടുകൂടെ പാർക്കും; പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടെ കിടക്കും; പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും; ഒരു ചെറിയ കുട്ടി അവയെ നടത്തും. പശു കരടിയോടുകൂടെ മേയും; അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും. മുലകുടിക്കുന്ന ശിശു സർപ്പത്തിന്റെ പോതിങ്കൽ കളിക്കും; മുലകുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈ ഇടും. സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധപർവതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല.' ഇവിടെ, ചെറിയകുട്ടി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ആരെയാണ്/എന്തിനെയാണ്?

പലപ്പോഴും നമ്മുടെ വായനകളിൽ ആ ചെറിയ കുട്ടി വരാനിരിക്കുന്ന മശിഹായെ സൂചിപ്പിക്കുന്നു. ഇങ്ങനെ അനുമാനിക്കുവാൻ പ്രസ്തുത പുസ്തകത്തിൽ തന്നെ വാക്യങ്ങളുണ്ട്. ഉദാഹരണത്തിന് 7:14-ൽ പറയുന്നു, 'അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്ക് ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും.' 9:6-ൽ പറയുന്നു, 'നമുക്ക് ഒരു ശിശു ജനിച്ചിരി

ക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.'

9:6–ൽ 'ചെറിയ കുട്ടി' എന്നതിന് ഉപയോഗിച്ചിരിക്കുന്ന എബ്രായ പദം യെഹ്ലെദ് (yeled) ആണ്. ഈ ചെറിയ കുട്ടി പിന്നീട് പ്രായപൂർത്തിയാകുമ്പോൾ രാജ്യത്തിന്റെ ഭരണം ഏറ്റെടുത്ത് ജനങ്ങളെ നീതിയിലും സമാധാനത്തിലും വഴിനടത്തുമെന്ന് 7:14–ലും 9:6–ലും വ്യക്തമാക്കുന്നു. ഇത്, ഭാവിയിൽ ആ ചെറിയകുട്ടി വളരുമ്പോൾ സംഭവിക്കേണ്ട കാര്യമാണ്. ഇപ്പോൾ ആ ചെറിയ കുട്ടി പ്രത്യാശയുടെ ഒരു അടയാളം മാത്രമാണ്. ചെറിയ കുട്ടിയെക്കുറിച്ച് ഈ ഭാഗങ്ങളിലുള്ള പരാമർശങ്ങൾ ആ കുട്ടി വളരുമ്പോൾ ഭാവിയിലേക്കുള്ള പ്രതീക്ഷയുടെ അടയാളങ്ങളായാണെന്നും ദാവീദിന്റെ സന്തതിയായ ഭരണാധികാരി പ്രായപൂർത്തിയായി ഭരിക്കുന്നതിനെക്കുറിച്ചാണെന്നും ഓല്ലേയും പറയുന്നു.[12]

എന്നാൽ, 11:69–ൽ കാണുന്നത് ഭാവിയിൽ സംഭവിക്കേണ്ട രാജ്യം സാധ്യമായതിനു ശേഷം ആ രാജ്യത്തെ നടത്തുന്ന ചെറിയ കുട്ടിയെക്കുറിച്ചാണ്. ഈ ഭാഗത്തു മനുഷ്യന്റെ കുട്ടി എന്നുള്ളതിനു വ്യത്യസ്ത എബ്രായ പദങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്: (little lad/ ചെറിയ കുട്ടി, nursing infant/ മുലകുടിക്കുന്ന ശിശു, the weaned child/മുലകുടി മാറിയ പൈതൽ). എന്നാൽ, ഇവിടെയൊന്നും 'യെഹ്ലെദ്' എന്ന പദം കാണുന്നില്ല. ഈ ഭാഗത്ത് 'യെഹ്ലെദ്' ഉപയോഗിച്ചിട്ടുള്ളത് പശുക്കുട്ടിയെ സൂചിപ്പിക്കുവാനാണ്. ആയതിനാൽ, 'ചെറിയ കുട്ടി' എന്ന പ്രയോഗത്തെ നാം മനുഷ്യകേന്ദ്രിതമായി വായിക്കുന്നതിനു പകരം മനുഷ്യവർഗ്ഗത്തിലെയോ മറ്റ് ജന്തുവർഗ്ഗങ്ങളിലെയോ ഏതൊരു ചെറിയ കുട്ടിയിലും ദർശിക്കുന്ന സ്നേഹത്തിന്റെയും നിഷ്കളങ്കതയുടെയും അവസ്ഥയായി മനസ്സിലാക്കണം. ദൈവം ഒരുക്കുന്ന രക്ഷാപദ്ധതിയിൽ മനുഷ്യരും മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളും ഉൾപ്പടെ സർവജീവജാലങ്ങളും നിലനിൽക്കുവാൻ പോകുന്നത് പരസ്പര ബന്ധത്തിലൂടെയാണെങ്കിൽ അതിന്റെ മാർഗം ആധിപത്യവും അടിച്ചമർത്തലുമല്ല, മറിച്ച് ഒരു കൊച്ചുകുട്ടിയിൽ കാണുന്നതു പോലെയുള്ള സ്നേഹത്തിന്റെയും നിഷ്കളങ്കതയുടെയും മാർഗമാണ്.

ഈ അവസ്ഥയെക്കുറിച്ചാണ് 65:25–ൽ പറയുന്നത്: ' ചെന്നായും കുഞ്ഞാടും ഒരുമിച്ചു മേയും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും; സർപ്പത്തിന്നു പൊടി ആഹാരമായിരിക്കും; എന്റെ വിശുദ്ധ പർവതത്തിലെങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു.' ഇവിടെ മൃഗങ്ങളും വിശുദ്ധ ഇടങ്ങളിൽ പാർക്കുകയും ദൈവഹിതം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്യും. പ്രസ്തുത ഭാഗത്ത് സൂചിപ്പിച്ചിരിക്കുന്ന വിശുദ്ധ ഇടം അർത്ഥമാക്കുന്നത് യെരുശലേം ദൈവാലയം എന്നതിലുപരി അക്രമം കുറയ്ക്കുകയും ഐക്യം വർദ്ധിപ്പിക്കുകയും ചെയ്യുന്ന, നവ ധാർമ്മികതയുടെയും നൈതികതയുടെയും ഭൗമസമൂഹത്തെയാണ്. ഈ ഭൗമസമൂഹത്തിൽ ആരും ആരെയും ചൂഷണം ചെയ്യുകയില്ല; ആക്രമിക്കുകയും നശിപ്പിക്കുകയുമില്ല. ആരും വേട്ടയാടുകയോ വേട്ടയാടപ്പെടുകയോ ഇല്ല. ഇവിടെ അടിച്ചമർത്തലോ അധികാര ദുർവിനയോഗമോ ഉണ്ടാവുകയില്ല. സർവസൃഷ്ടികളും ദൈവികജ്ഞാനം അറിയുന്നതിലൂടെയും അത് പ്രയോഗിക്കുന്നതിലൂടെയും ദൈവിക രക്ഷാപദ്ധതിയുടെ ഭാഗമാകും.

### പുതിയ ആകാശവും പുതിയ ഭൂമിയും: ഒരു ബദൽ സംസ്കൃതി

എല്ലാ സൃഷ്ടിജാലങ്ങളുടെയും വൈവിധ്യവും അന്തസ്സും അംഗീകരിക്കുന്ന, സർവസൃഷ്ടികളും ദൈവിക ഉദ്ദേശ്യം തിരിച്ചറിഞ്ഞ് സ്വഭാവരൂപാന്തരത്തിനായി വിധേയപ്പെടുന്ന, ദൈവികജ്ഞാനം അന്വേഷിച്ചറിഞ്ഞ് അത് പ്രയോഗിക്കുന്നതിലും ആയതിലൂടെ ദൈവിക രക്ഷാപദ്ധതിയുടെ ഭാഗമാകുന്നതിലും പങ്കുചേരുന്ന ഒരു ദൈവരാജ്യസംസ്കൃതിയെക്കുറിച്ചാണ് യെശയ്യാവ് പഠിപ്പിക്കുന്നത്. ഇത്, അന്ന് നിലവിലുണ്ടായിരുന്ന അധർമ്മത്തിന്റെയും ആർത്തിയുടെയും അഴിമതിയുടെയും അടിച്ചമർത്തലിന്റെയും അസ്സീറിയൻ ബാബിലോന്യ സംസ്കാരത്തിന് ബദൽ സംസ്കൃതി ആയിരുന്നു.[13] ഈ ബദൽ സംസ്കൃതിയെ യെശയ്യാവ് വിളിക്കുന്നത് 'പുതിയ ആകാശവും പുതിയ ഭൂമിയും' എന്നാണ്. ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലത്തെവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല (65:17).

അസ്സീറിയയ്ക്കും ഈജിപ്തിനും യിസ്രായേലിന്മേൽ സാമ്പത്തികമായും ഭൂരാഷ്ട്രതന്ത്രപരമായും താല്പര്യങ്ങൾ ഉണ്ടായിരുന്നു. അസ്സീറിയയ്ക്കു പലസ്തീൻ നാട് ഒരു ബഫർ സോൺ ആയിരുന്നു. മറ്റു രാജ്യങ്ങളുമായി യുദ്ധത്തിന് പോകുമ്പോൾ അസ്സീറിയൻ സൈന്യത്തിനു ഭക്ഷണവും വെള്ളവും യോദ്ധാക്കളെയും ലഭിക്കുവാൻ യിസ്രായേലും അവിടുത്തെ മാനവവിഭവശേഷിയും വേണമായിരുന്നു. ഈജിപ്തിന്റെ കണ്ണ് ഭൂസമൃദ്ധമായ പലസ്തീനിലെ ഒലിവെണ്ണയിൽ ആയിരുന്നു (ഹോശയ 12:1). ഇങ്ങനെ സ്വാർത്ഥതാത്പര്യങ്ങൾക്കായി ഭൂമിയെയും ഭൂസമ്പത്തിനെയും ഭൗമസമൂഹങ്ങളെയും കൊള്ളയടിച്ചും ചൂഷണം ചെയ്തും നിലനിന്നുപോരുന്ന അക്രമത്തിന്റെയും അടിച്ചമർത്തലിന്റെയും സംസ്കാരത്തിന് ബദലാണ് 'പുതിയ ആകാശവും പുതിയ ഭൂമിയും.'

ഇന്ന് ഇൻഡ്യയിലെ കർഷക, ദലിത്, ആദിവാസി, ഗോത്രവിഭാഗ, മത്സ്യബന്ധന സമൂഹം ഉൾപ്പെടെ അനേകം ഭൗമസമൂഹങ്ങൾ പ്രകൃതിയോട് ഇഴുകിച്ചേർന്ന് ഈ ബദൽ സംസ്കാരം നിർമ്മിക്കുവാനുള്ള പോരാട്ടത്തിലാണ്. പുതിയ ആകാശവും പുതിയ ഭൂമിയും നിർമ്മിക്കുവാനുള്ള പ്രസ്തുത പോരാട്ടത്തിൽ തോളോടുതോൾ ചേരുവാനും പങ്കാളികളാകുവാനുമാണ് ക്രിസ്തുശരീരമായ സഭയുടെ നിയോഗം. സഖറിയയുടെ വാക്കുകളിൽ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ സമരങ്ങളും ആഘോഷങ്ങളും അത്തരമൊരു ഭൗമസമൂഹത്തിന്റെ സാമ്രാജ്യത്വ കോളനിവൽക്കരണത്തിനെതിരായ കീഴാള എതിർപ്രസ്ഥാനങ്ങളാണ്. അതിനാൽ

'വീണ്ടെടുക്കപ്പെട്ട ഭൂമിയുടെ കാലാന്തര ദർശനത്തിന്റെ പ്രതീക്ഷയുടെ അടയാളങ്ങളാണ് (proleptic signs).'[14] ഈ ദർശനമനുസരിച്ച്, പ്രാദേശികമായി സാമ്രാജ്യത്തെ ചെറുക്കുകയും പ്രകൃതിയെയും, പ്രത്യേകിച്ച്, മാനവരാശിയുടെ വസതിയെയും സംരക്ഷിക്കുകയും ചെയ്യുന്ന തദ്ദേശീയർ, ആദിവാസികൾ, ദലിതർ, സ്ത്രീകൾ, കർഷകർ എന്നിവർ ഉൾപ്പെടുന്ന ഭൗമസമൂഹങ്ങളാണ് യഥാർത്ഥ സഭ. അവരിലൂടെയും അവരോടൊപ്പം സന്ധിചേരുന്ന നമ്മിലൂടെയുമാണ് പുതിയ ആകാശവും പുതിയ ഭൂമിയും സാധ്യമാകുന്നത്.[15]

## ഉപസംഹാരം

യെശയ്യാപ്രവാചകന്റെ പുസ്തകത്തെ പാരിസ്ഥിതിക നീതി തത്വങ്ങളുടെ വീക്ഷണകോണിലൂടെ വിശകലനം ചെയ്യുമ്പോൾ മൂന്നു കാര്യങ്ങൾ വ്യക്തമാകുന്നു . സർവസൃഷ്ടിയുടെയും, പ്രത്യേകിച്ച് ജന്തുജാലങ്ങളുടെ, വൈവിധ്യത്തെയും അന്തസ്സിനെയും സമഗ്രതയെയും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. രണ്ടാമത്, മനുഷ്യർ മാത്രമല്ല, സർവസൃഷ്ടികളും പ്രകൃതിയിലുള്ള ദൈവിക പരിവർത്തനത്തെ അംഗീകരിക്കുകയും തങ്ങളെത്തന്നെ ധാർമികവും ആത്മികവുമായ രൂപാന്തരത്തിനായി വിധേയപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, തങ്ങളുടെ ജീവിതംകൊണ്ട് അവയും ദൈവത്തെ ആദരിക്കുന്നു. മൂന്നാമത്, ദൈവത്തിന്റെ രക്ഷാപദ്ധതിയായ ഭൗമസമൂഹം കെട്ടിപ്പടുക്കുന്നതിൽ സർവസൃഷ്ടിജാലങ്ങളും ഐക്യത്തിലും പാരസ്പര്യത്തിലും പങ്കുചേരുന്നു. എല്ലാ സൃഷ്ടികളും ദൈവികജ്ഞാനത്താൽ നിറഞ്ഞ് നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ ഒരു ദൈവരാജ്യസംസ്കൃതിക്കായി പ്രയത്നിക്കുന്നു. ചുരുക്കത്തിൽ, യെശയ്യാവ് ജീവജാലങ്ങളെ അവതരിപ്പിക്കുന്നത് വെറും പ്രതീകങ്ങളായോ മാനുഷിക അനുബന്ധങ്ങളായോ/ഉപാധികളായോ അല്ല, മറിച്ച്, സമഗ്രതയും അന്തസ്സുമുള്ള ജീവികളായും ദൈവിക ഉദ്ദേശ്യം വഹിക്കുന്നവരായും അവന്റെ രക്ഷാപദ്ധതിയിൽ സജീവ പങ്കാളികളായുമത്രേ. ഈ ദൈവിക രക്ഷാപദ്ധതിയിൽ സർവജീവജാലങ്ങളോടും ഭൗമസമൂഹങ്ങളോടും പങ്കുചേർന്ന് പുതിയ ആകാശവും പുതിയ ഭൂമിയും സാധ്യമാക്കുവാൻ അവർ ഏർപ്പെടുന്ന നിരന്തരപോരാട്ടങ്ങളിൽ നമുക്കും സന്ധിചേരാം.

## ENDNOTES

[1] Viji Varghese Eapen, who is a Presbyter in the Church of South India (Diocese of Madhya Kerala), is currently serving as the Vicar of the CSI St Andrew's Church, Karikuzhy, Alappuzha.

[2] Robert B. Chisholm, *Handbook on the Prophets* (Grand Rapids: Baker Academic, 2002), pp. 13–14.

[3] For details, see, Soo J. Kim, 'Eschatology in Isaiah', in *The Oxford Handbook of Isaiah*, ed. by Lena-Sofia Tiemeyer (New York: Oxford University Press, 2020), pp. 352–74; Uta Schmidt, 'Eschatology in the Book of Isaiah: Multiple Perspectives on the Promised Times', in *Eschatology in Antiquity: Forms and Functions*, ed. by Hilary Marlow, Karla Pollmann, and Helen Van Noorden (New York: Routledge, 2021), pp. 63–75.

[4] George Zachariah, 'Towards an Eco-Justice Hermeneutics: Some Random Reflections', in *The Word and the World: Biblical Reflections on Climate Change*, ed. by Viji Varghese Eapen, George Zachariah, and P. Mohan Larbeer (Bangalore and Chennai: BTESSC and CSI, 2013), pp. 49–63 (p. 56).

[5] Mathew Koshy Punnackadu, 'Do Not Deny Justice to Animals', *People's Reporter*, 36.12 (2023), 4.

[6] Norman C. Habel, 'Guiding Ecojustice Principles', in *Readings from the Perspective of Earth*, ed. by Norman C. Habel (Sheffield: Sheffield Academic Press, 2000), pp. 38–53.

[7] Anne Gardner, 'Ecojustice or Anthropological Justice? A Study of the New Heavens and the New Earth in Isaiah 65:17', in *The Earth Story in the Psalms and Prophets*, ed. by Norman C. Habel (Sheffield: Sheffield Academic Press, 2001), pp. 204–18 (pp. 204–5); John W. Olley, '"The Wolf, the Lamb, and a Little Child": Transforming the Diverse Earth Community in Isaiah', in *The Earth Story in the Psalms and the Prophets*, ed. by Norman C. Habel (Sheffield: Sheffield Academic Press, 2001), pp. 219–29.

[8] Hilary Marlow, 'Reading from the Ground Up: Nature in the Book of Isaiah', in *The Oxford Handbook of the Bible and Ecology*, ed. by Hilary Marlow and Mark Harris (Oxford: Oxford University Press, 2022), pp. 123–35 (p. 123).

[9] Olley, ' The Wolf, the Lamb, and a Little Child', p. 220.

[10] Olley, ' The Wolf, the Lamb, and a Little Child', p. 220.

[11] Olley, ' The Wolf, the Lamb, and a Little Child', p. 228.

[12] Olley, ' The Wolf, the Lamb, and a Little Child', p. 224.

[13] For a detailed study, see Joshua T. Walton, 'Assyrian Interest in the West: Philistia and Judah', Eretz-Israel: Archaeological, Historical and Geographical Studies, 33.1 (2018), 175–82.

[14] George Zachariah, *Alternatives Unincorporated: Earth Ethics from the Grassroots* (London: Equinox, 2011), p. 97.

[15] Y. T. Vinayaraj, *Theology after Hardt and Negri* (New Delhi: ISPCK, 2017), p. 36.

**പുതുമയാർന്ന ഒരു പ്രസിദ്ധീകരണമാണ് നിങ്ങൾ വായിച്ചു കൊണ്ടിരിക്കുന്ന ന്യൂവിഷൻ മാസിക. വ്യത്യസ്ത വീക്ഷണങ്ങൾ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. പഴയ ലക്കങ്ങൾ വായിക്കുവാൻ ഞങ്ങളുടെ വെബ് സൈറ്റ് സന്ദർശിക്കുക. നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കാൻ മറക്കരുത്. വായനക്കാരുടെ സംഭാവനകൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു. ദയവായി സഹകരിക്കുക.**

# കുടുംബത്തെപ്പറ്റി ഒരു ഓർമ്മപ്പെടുത്തൽ



**റ്റി. ജോർജ് ബഹന്നാൻ**
*കൗൺസലർ & തെറാപ്പിസ്റ്റ്*



ബി.സി. 494-ൽ മാർക്കോസ് കോറിലോനസ്സ് എന്ന റോമൻ സർവസൈന്യാധിപനെ ഏതോ കുറ്റത്തിന് ശിക്ഷിച്ച് റോമാനഗരത്തിൽനിന്ന് പുറത്താക്കി. നിന്ദയും നാണക്കേടും ഏറ്റുവാങ്ങിയ സൈന്യാധിപനിൽ വൈരാഗ്യം തിളച്ചുപൊങ്ങി. ഇയാൾ ശത്രുക്കളുടെ കൂടെച്ചേർന്ന് റോമാനഗരത്തെ ആക്രമിക്കാൻ തയ്യാറായി. ശക്തനായ അവരുടെ പഴയ സൈന്യാധിപൻ ശത്രുക്കളുടെ കൂടെച്ചേർന്നു എന്നു കേട്ടപ്പോൾ റോമാക്കാർ ഞെട്ടി. അയാളുമായി സമാധാനക്കരാറുണ്ടാക്കാൻ പല വഴികൾ നോക്കിയെങ്കിലും അയാൾ ഒട്ടും വഴങ്ങിയില്ല. അയാൾക്ക് വൈരാഗ്യം വർദ്ധിച്ചതേയുള്ളൂ. അറ്റകൈയ്ക്ക് റോമാക്കാർ കണ്ടെത്തിയ വഴി ശക്തമായിരുന്നു. അവർ കോറിലോനസ്സിന്റെ അമ്മയെ കണ്ടെത്തി അവരെ മകന്റെ അടുത്തേക്ക് അയയ്ക്കാൻ തീരുമാനിച്ചു. അങ്ങനെ ആ അമ്മ സ്വന്തം മകനെ കണ്ട് സംസാരിക്കാൻ ധൈര്യമായി ശത്രുപാളയത്തിലെത്തി. റോമിനെ ഒരിക്കലും ആക്രമിക്കരുതെന്ന് അവർ കരഞ്ഞുകൊണ്ട് സ്വന്തം മകനോട് പറഞ്ഞു. അമ്മയുടെ കണ്ണുനീരിലും യാചനയിലും കോറിലോനസ്സ് വികാരാധീനനായി. അമ്മയുടെ സ്നേഹബന്ധം അയാളിൽ പുതിയ ചിന്തയുണ്ടാക്കി എന്ന് ചരിത്രം പറയുന്നു. റോമാ നഗരത്തെ ശത്രുക്കളോടു ചേർന്ന് ആക്രമിക്കുകയില്ലെന്ന് അയാൾ അമ്മയ്ക്ക് വാക്കുകൊടുത്തു.

സകല തത്വചിന്തകൾക്കും ശാസ്ത്രത്തിനും അതീതമാണ് കുടുംബബന്ധങ്ങളുടെ ശക്തി. ഒരു കുടുംബത്തിന്റെ ഇന്ധനമാണ് ബന്ധങ്ങൾ. വെറും ബന്ധമല്ല, സ്നേഹബന്ധങ്ങൾ. അതായത് യഥാർത്ഥ ബന്ധങ്ങൾ. ബന്ധങ്ങൾ ഇല്ലാതാകുമ്പോൾ കുടുംബങ്ങൾ ശിഥിലമാകും. ബന്ധങ്ങളുടെ അഭാവത്തിൽ ശിഥിലമാകുന്ന കുടുംബങ്ങളാണ് ഇന്ന് സമൂഹത്തിന്റെ വലിയ പ്രശ്നം. മാനസിക വൈകല്യങ്ങളും അക്രമവാസനകളും ഇത്തരം കുടുംബങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു.

ഒരു വ്യക്തിയുടെ ജീവിതത്തിൽ അർത്ഥവും ശക്തിയും നൽകുന്നത് കുടുംബബന്ധങ്ങളാണ്. കുടുംബ ബന്ധങ്ങൾ കുറയുമ്പോൾ പലരുടെയും വ്യക്തിത്വം വികലമാകുന്നു. Edith Schaiffer പറയുന്നു, A family is a formation centre for human relationship. കുടുംബത്തിൽനിന്നു പഠിക്കാത്തത് പുറത്തുനിന്ന് പഠിക്കാൻ വിഷമമാണ്; പ്രത്യേകിച്ച് മനുഷ്യബന്ധങ്ങൾ.

മാതാപിതാക്കളിൽ തുടങ്ങി മക്കളിലേക്ക് വ്യാപിക്കേണ്ട ഒരു ആന്തരികശക്തിയാണ് മനുഷ്യബന്ധം. നിർവചനങ്ങൾക്കതീതമാണത്. ഭർത്താവിനും ഭാര്യയ്ക്കുമുള്ള സ്നേഹബന്ധത്തിന്റെ അർത്ഥവും ആഴവും തലമുറകളിലേക്ക് വ്യാപിക്കുകയാണ്. മാതാവിന്റെയും പിതാവിന്റെയും ധന്യമായ സ്നേഹബന്ധമാണ് കുട്ടികളുടെ ആരോഗ്യപരമായ ബന്ധങ്ങളുടെ രഹസ്യം. അത് തുടർന്നുപോകണമെങ്കിൽ കുട്ടികളെ സ്നേഹത്തിൽ വളർത്താനും സംരക്ഷിക്കാനും മാതാപിതാക്കൾക്ക് സാധിക്കണം. കുട്ടികൾ താനെ വളരുകയല്ല. ബോധപൂർവമായ ഒരു വളർത്തൽ (conscious parenting) കുടുംബത്തിൽ അനിവാര്യമാണെന്ന് മാതാപിതാക്കൾ മറക്കരുത്.

നന്നേ ചെറുപ്പത്തിൽത്തന്നെ സ്നേഹിക്കാനും കരുതാനും ബഹുമാനിക്കാനും കുട്ടികളെ വളരെ ആഴത്തിൽതന്നെ പഠിപ്പിക്കണം. അതാണ് യഥാർത്ഥ പരിശീലനം. ചെറുപ്പത്തിൽത്തന്നെ കുട്ടികളെ കലവറയില്ലാതെ സ്നേഹിക്കുകയും മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനും കരുതാനും പഠിപ്പിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ പരിശീലനം. ശിക്ഷണമില്ലാത്ത സ്നേഹം അപകടകരമായ ലാളനയാണെന്ന് ഓർക്കുക. ഇവിടെയാണ് മനുഷ്യബന്ധങ്ങളുടെ ആദ്യപാഠം.

ആലീസ് മില്ലർ എന്ന സൈക്കോ തെറാപ്പിസ്റ്റ് തന്റെയൊരു പുസ്തകത്തിൽ ഒരു കുട്ടിയെപ്പറ്റി പറയുന്നുണ്ട്. അവൻ വളർന്നത് ധാരാളം ഭൂമികുലുക്കങ്ങളുണ്ടാകുന്ന ഒരു പട്ടണത്തിലായിരുന്നു. ചുറ്റുപാടും തകർന്നു തരിപ്പണമായ ചെറുതും വലുതുമായ വീടുകൾ...

> **ഒരു കുടുംബത്തിലെ വ്യത്യസ്തമായ സ്വഭാവവും കഴിവും ഉള്ളവരുടെ ബന്ധങ്ങളിലെ സന്തുലിതാവസ്ഥയാണ് ധന്യമായ കുടുംബത്തെ സൃഷ്ടിക്കുന്നത്.**

ധാരാളം ആൾക്കാർ മരിക്കുകയും മുറിവേൽക്കുകയും ചെയ്തു. പക്ഷേ, ഇതൊന്നും മനഃശാസ്ത്രപരമായോ, വൈകാരികമായോ അവനെ ബാധിച്ചില്ല. കാരണം അത്ര ശക്തമായ സ്നേഹബന്ധങ്ങളുള്ള ചുറ്റുപാടിലാണ് അവൻ വളർന്നത്.

അപ്പനും അമ്മയും മക്കളും ചേർന്ന ഒരു ടീമാണ് കുടുംബം. കളിക്കളത്തിലെന്നപോലെ ഒരു പൊതുലക്ഷ്യത്തിനുവേണ്ടി അന്യോന്യം സ്നേഹിക്കുകയും കരുതുകയും അംഗീകരിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടുപോകാം.

നല്ല കുടുംബങ്ങൾ സൃഷ്ടിക്കാൻ ഒന്നാമത് കുടുംബം ക്രിസ്തുകേന്ദ്രീകൃതമാകണം. ഏത് പ്രശ്നം കൈകാര്യം ചെയ്യുമ്പോഴും കർത്താവായിരുന്നെങ്കിൽ എന്ത് ചെയ്തേനെ? What Jesus would do എന്ന ചോദ്യം ശക്തമാകണം. കുടുംബങ്ങൾ സ്വയംകേന്ദ്രീകൃതം (self centered) ആകുമ്പോൾ കുടുംബബന്ധങ്ങൾ താറുമാറാകുമെന്ന കാര്യത്തിൽ സംശയം വേണ്ട.

രണ്ടാമത്, കുടുംബത്തിന്റെ പൊതുവായ തത്വം സ്നേഹമായിരിക്കണം. വിശ്വാസത്തെക്കാളും പ്രത്യാശയെക്കാളും വലുതായ സ്നേഹം. ഈ സ്നേഹത്തിന്റെ ആത്മാവ് കുടുംബബന്ധങ്ങളെ സുദൃഢമാക്കും, സുതാര്യമാക്കും.

മൂന്നാമത്, കുടുംബത്തിൽ കരാർ അഥവാ കോൺട്രാക്ട് പാടില്ല. നീ എന്റെ പുറം ചൊറിഞ്ഞാൽ ഞാൻ നിന്റെ പുറം ചൊറിയാം (If you scratch my back, I will scratch your back). ഒരു കാര്യത്തിലും ഇത്തരം കരാറുകൾ കുടുംബത്തിൽ ഉണ്ടാകരുത്. കരാറുകളില്ലാത്ത കരുതലാണ് യഥാർത്ഥ ബന്ധങ്ങൾ സൃഷ്ടിക്കുന്നത്. വ്യവസ്ഥകൾ കുടുംബബന്ധങ്ങളിൽ കച്ചവടമനഃസ്ഥിതി സൃഷ്ടിക്കും. ഇവിടെ എങ്ങനെയാണ് ബന്ധങ്ങൾ വളരുന്നത്? ഒരു വ്യവസ്ഥയുമില്ലാതെ മറ്റുള്ളവരെ കരുതുന്നതാണ് കുടുംബ ബന്ധത്തിന്റെ പൊരുൾ.

നാലാമത്, പറയുന്നത് ശ്രദ്ധയോടെ കേൾക്കാനുള്ള മനഃസ്ഥിതിയും ക്ഷമയും ഓരോരുത്തർക്കും ആവശ്യമാണ്. എന്നെ കേൾക്കാൻ ഇവിടെ ആളുകളുണ്ട് എന്ന വിചാരം കുടുംബത്തിലെ ഓരോരുത്തരെയും ധന്യരാക്കും. എവിടെ ആശയവിനിമയം എളുപ്പമാകുന്നുവോ, അവിടെ ബന്ധങ്ങൾ ശക്തി പ്രാപിച്ചുകൊണ്ടേയിരിക്കും.

അഞ്ചാമത്, മൂടുപടമില്ലാതെ എല്ലാം തുറന്നുപറയാനുള്ള മനോഭാവം കുടുംബത്തിലുണ്ടാകണം. അതായത് always be real - ഉള്ളത് ഉള്ളതുപോലെ പറയുക. When you want to say 'yes' say yes, when you want to say 'no' say no. ഇത് ആശയവിനിമയത്തെ ലളിതമാക്കുകയും ബന്ധങ്ങളെ സുദൃഢമാക്കുകയും ചെയ്യും.

ആറാമത്, അന്യോന്യം പ്രോത്സാഹിപ്പിക്കുക, അഭിനന്ദിക്കുക, തെറ്റുകളെ ചൂണ്ടിക്കാട്ടി വിജയങ്ങളെ ആഘോഷിക്കുക. മാർക്ക് ടെയിൻ ഒരിക്കൽ പറഞ്ഞു: 'ഒരു അഭിനന്ദനത്തിന്റെ ബലത്തിൽ ഞാൻ മൂന്നുമാസം ജീവിക്കും.' കുടുംബബന്ധങ്ങളുടെ ഒരു വലിയ സ്രോതസ്സാണ് അഭിനന്ദനവും പ്രോത്സാഹനവും.

ഏഴാമത്, 'I will do my best' ഇതായിരിക്കട്ടെ കുടുംബത്തിലെ ഓരോരുത്തരുടെയും മുദ്രാവാക്യം each according to his ability - ഓരോരുത്തരുടെയും കഴിവിനനുസരിച്ച് കാര്യങ്ങൾ ചെയ്യുമ്പോൾ 'താരതമ്യ'ത്തിന് അവിടെ സ്ഥാനമില്ല. താരതമ്യം ചെയ്താൽ ബന്ധങ്ങൾ വഷളാകും. ആശയവിനിമയം തടയപ്പെടും. 'നമുക്ക് ചെയ്യാൻ സംഗതി വരുന്നതൊക്കെയും പൂർണ്ണ ശക്തിയോടെ ചെയ്യാ'നുള്ള തിരുവചനാഹ്വാനം ഇവിടെ നൂറ് ശതമാനം പ്രസക്തമാണ്.

എട്ടാമത്, കുടുംബബന്ധങ്ങളെ തകർക്കുന്ന കുറുനരികളിൽ ഏറ്റവും ശക്തമായത് സ്വാർത്ഥതയാണ്. കുടുംബത്തിലെ ഓരോ വ്യക്തിയുടെയും സ്വാർത്ഥത ഇത്തിൾക്കണ്ണിയെപ്പോലെ കുടുംബത്തിന്റെ നന്മയെ വലിച്ചെടുക്കും. ബന്ധങ്ങൾ മുരടിക്കും.

ഒൻപതാമത്, കുടുംബങ്ങൾ പ്രതീക്ഷയുടെ കുടുംബങ്ങളാകണം. എന്തിനെപ്പറ്റിയും ശുഭാപ്തിവിശ്വാസമുള്ള വ്യക്തികളുള്ള കുടുംബങ്ങൾ നല്ല അവസരങ്ങളെ, സാദ്ധ്യതകളെ പ്രതീക്ഷിക്കുന്നവർ, മറ്റുള്ളവരിലെ നന്മയെ കണ്ടെത്തുന്നവർ. ഇത്തരം കുടുംബങ്ങൾ ഒരിക്കലും മുരടിക്കില്ല.

പത്താമത്, ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുന്ന കുടുംബങ്ങളിൽ ബന്ധങ്ങൾ അതിശക്തമാകും - family that prays together stays together. ഇത്തരം കുടുംബബന്ധങ്ങളിൽ ദൈവികത ഉണ്ടാകുമ്പോൾ അവർ ഏത് സുനാമിയെയും ശക്തമായി നേരിടും. അവർ ഛിന്നഭിന്നമാകയില്ല. ഇത് അനേകം കുടുംബങ്ങളുടെ അനുഭവമാണ്.


ഒരു കുടുംബത്തിലെ വ്യത്യസ്തമായ സ്വഭാവവും കഴിവും ഉള്ളവരുടെ ബന്ധങ്ങളിലെ സന്തുലിതാവസ്ഥയാണ് ധന്യമായ കുടുംബത്തെ സൃഷ്ടിക്കുന്നത്. അത്തരം കുടുംബങ്ങൾ പാശ്ചാത്യസംഗീതം പോലെ harmonious ആണ്. അതായത് പല തരത്തിലുള്ള ശബ്ദങ്ങളുടെ ഏകോപനം. കുടുംബബന്ധങ്ങളുടെ ആരോഗ്യദായകമായ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾ മനസ്സിലാക്കുകയും ഏറ്റെടുക്കുകയും ചെയ്യുമ്പോൾ കുടുംബങ്ങൾ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സംഗീതമാകും.

9895992129

*ചിന്താനാളം*

# രത്തൻ പഠിപ്പിച്ച പാഠരത്നങ്ങൾ

ഫാ. ഡോ. തോമസ് കുഴിനാപ്പുറത്ത്



അടുത്തയിടെ നിര്യാതനായ രത്തൻ നവൽ ടാറ്റ മാധ്യമങ്ങളുടെ മുഴുവൻ ചർച്ചാവിഷയമായിരുന്നു. രാഷ്ട്രനേതൃത്വവും വ്യവസായപ്രമുഖരും അദ്ദേഹത്തിനു മേൽ അപദാനങ്ങൾ ആവോളം വർഷിച്ചു. എല്ലാറ്റിലുമുപരി ഹൃദയത്തിൽ പരസ്നേഹം കത്തിജ്ജ്വലിച്ചു നിന്നിരുന്ന ഒരു മനുഷ്യസ്നേഹിയായിരുന്നു രത്തൻ ടാറ്റ.

1937 ഡിസംബർ 28 മുതൽ 2024 ഒക്ടോബർ 9 വരെ നീണ്ടുനിന്ന ആ ധന്യജീവിതം വിശ്വമാനവസമൂഹത്തിന് പല പാഠങ്ങളും പകർന്നു നല്കിയിട്ടാണ് കടന്നുപോയത്.

അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ടാറ്റാ കമ്പനിയുടെ വരുമാനവർദ്ധനവ് തുടക്കത്തിൽനിന്നു 41 ഇരട്ടിയായിരുന്നു. അദ്ദേഹം ചുമതലയേൽക്കുമ്പോൾ ടാറ്റ ഗ്രൂപ്പിന്റെ വാർഷിക വരുമാനം 400 കോടി ഡോളർ ആയിരുന്നെങ്കിൽ ഇന്നത് 16500 കോടിയിലെത്തി നിൽക്കുന്നു. ഇത് പെട്ടെന്നു സംഭവിച്ചതല്ല. പല തിരിച്ചടികളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടുള്ള ഒരു വളർച്ചയായിരുന്നു.



രത്തൻ ടാറ്റ

നല്ല തീരുമാനങ്ങൾ ശരിയായ സമയത്തെടുക്കുവാൻ രത്തന് സാധിച്ചതാണ് ഈ വിജയത്തിന്റെ പിന്നിലെ ഒരു കാരണം. കമ്പനിയുടെ വിവിധ ശാഖകൾ സ്വയം പര്യാപ്തതയിൽ വ്യാപരിച്ചിരുന്ന, കാര്യങ്ങൾ കൈവിട്ടുപോകുമെന്ന സാഹചര്യമായിരുന്നു രത്തൻ ചുമതലയേൽക്കുമ്പോൾ ഉണ്ടായിരുന്നത്. അവിടെ എല്ലാറ്റിനെയും ടാറ്റാ സൺസ് എന്ന ഒറ്റ കുടക്കീഴിലാക്കാൻ അദ്ദേഹത്തിന് കുറച്ചു വിയർപ്പൊഴുക്കേണ്ടി വന്നെങ്കിലും ഒടുവിൽ അദ്ദേഹം വിജയിച്ചു മുന്നേറുന്നതിനാണ് ചരിത്രം സാക്ഷ്യം വഹിച്ചത്. ശരിയായ സമയത്ത് ശരിയായ തീരുമാനങ്ങൾ കൈക്കൊള്ളുവാനുള്ള കഴിവ് നേതൃത്വത്തിന് അനുപേക്ഷണീയമാണെന്നു രത്തൻ ലോകത്തെ പഠിപ്പിക്കുക കൂടിയായിരുന്നു ഈ വിജയത്തിലൂടെ. തന്റെ വ്യവസായത്തിന്റെ വളർച്ചയിലൂടെ ഇന്ത്യയുടെ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് പ്രഖ്യാപിക്കുകയായിരുന്നു, നഷ്ടത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരുന്ന 'എയർ ഇന്ത്യ'യെ ഏറ്റെടുത്തതിലൂടെ ടാറ്റ ഗ്രൂപ്പ് ചെയ്തത്.

അതിരുകളില്ലാതിരുന്ന മനുഷ്യസ്നേഹമായിരുന്നു അദ്ദേഹത്തിന്റെ മറ്റൊരു സ്വഭാവ വൈശിഷ്ട്യം. 1984-ൽ ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്നുണ്ടായ സിഖ് വിരുദ്ധ കലാപങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് നേരെ ആ കരം നീണ്ടു ചെന്നത് സൗജന്യ ട്രക്കുകളുടെ രൂപത്തിലായിരുന്നു. 2008-ൽ മുംബൈ താജ് ഹോട്ടലിൽ 58 പേരുടെ ജീവൻ രക്ഷിച്ചുകൊണ്ടു സ്വന്തം ജീവൻ ബലിയർപ്പിച്ച മലയാളിയായ വർഗീസ് തോമസിന്റെ വിധവ സുനു വർഗീസിനും മക്കൾക്കും കാണപ്പെടുന്ന ദൈവമായെത്തിയത് സാക്ഷാൽ രത്തൻ ടാറ്റ തന്നെയായിരുന്നു. ന്യൂ സൗത്ത് വെയിൽസ്, കാലിഫോർണിയ, കോർണെൽ, ഹാർവാർഡ് തുടങ്ങിയ വിദേശ സർവകലാശാലകളിൽ അനേക ദശലക്ഷം ഡോളറുകളാണ് അദ്ദേഹം സ്കോളർഷിപ്പുകളിലൂടെ നിർധന വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി വർഷം തോറും നൽകി വന്നത്. ഇന്ത്യയിൽ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് നൽകുന്ന സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. മുംബൈയിലുള്ള 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി' എന്ന സ്ഥാപനത്തിനു മാത്രം 2014-ൽ നൽകിയത് 950 ദശലക്ഷം രൂപയാണ്. നൂറോളം രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന സമ്പന്നമായ ഒരു വ്യവസായ സ്ഥാപനത്തിന്റെ ഉടമയായിരുന്നെങ്കിലും രത്തന്റെ പേര് ലോകസമ്പന്നരുടെ പട്ടികയിൽ ഏറെ താഴെയായിപ്പോയതിനു പിന്നിലുള്ള ഏക കാരണവും ഇതുതന്നെ. യഥാർത്ഥത്തിൽ സമ്പന്നനാകേണ്ടത് എങ്ങനെയെന്ന് അദ്ദേഹം ലോകത്തെ പഠിപ്പിക്കുകയായിരുന്നു. 'ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്; തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നു മോഷ്ടിക്കും' (മത്താ. 6:19).

മനുഷ്യരെ മാത്രമല്ല പ്രകൃതിയെയും രത്തൻ അളവറ്റ് സ്നേഹിച്ചിരുന്നു. ശാന്തനു നായിഡു എന്ന ചെറുപ്പക്കാരൻ തെരുവുനായകളെ സംരക്ഷിക്കുന്നതിനുള്ള ഒരു പുതിയ പ്രൊജക്ടുമായി ചെന്നപ്പോൾ പ്രൊജക്ട് അംഗീകരിച്ചു എന്നു മാത്രമല്ല, അവനെ തന്റെ സന്തതസഹചാരിയായി കൂടെ കൂട്ടുകയും ചെയ്തു. ഗോവയിൽവച്ച് തന്റെ കാറിൽ ചാടിക്കയറിയ തെരുവുനായയെ വീട്ടിൽ കൊണ്ടുവന്ന്, അതിനു 'ഗോവ' എന്നു പേരിടാൻ രത്തന് മാത്രമേ സാധിക്കുകയുള്ളൂ.

നമുക്ക് മാതൃകയാക്കാവുന്ന നേതൃത്വഗുണവും ദേശസ്നേഹവും സാമൂഹിക പ്രതിബദ്ധതയും പ്രകൃതിസ്നേഹവുമൊക്കെ നാം രത്തനിൽനിന്നു പഠിക്കേണ്ട പാഠരത്നങ്ങൾ തന്നെയാണ്. അങ്ങനെയാണ് രത്തൻ എന്ന തന്റെ പേരിൽ ഒളിച്ചുവച്ച 'രത്നം' എന്ന വലിയ അർത്ഥത്തെ അദ്ദേഹം അന്വർത്ഥമാക്കിയത്.

# ഭയങ്കര കല്യാണങ്ങളും അവിവാഹിതരുടെ കല്യാണപ്പേടിയും!

**ജോർജ്ജ് കാടൻകാവിൽ (ഡയറക്ടർ, ബേത്‌ലഹേം മാട്രിമോണി)**

മനോഹരമായ വലിയ വീടും മുന്തിയ വീട്ടുസാധനങ്ങളും വാഹനങ്ങളും അതിന്റെ Depreciationഉം, പിന്നെ വലിയ കടങ്ങളും അതിന്റെ തിരിച്ചടവുകളുംകൊണ്ട്, ആസ്തികളേക്കാൾ ഏറിയ ബാദ്ധ്യതകളുടെ മുൾമുനയിലാണ് ഇന്നു ധാരാളം മലയാളി കുടുംബങ്ങൾ.

ഊതിവീർപ്പിച്ച സാമ്പത്തികസ്ഥിതിയിലാണത്രെ ഇന്നു നമ്മളൊക്കെ. അതു പുറത്തറിയാതെ മറച്ചുവയ്ക്കാനാവണം, സാമ്പത്തിക ഭദ്രതയുണ്ടെന്നു കാണിക്കാനായി, വെറുതെ ഷോ ഓഫ് ചെയ്ത് ആർഭാടം കാണിക്കുന്നത്.

എന്തു ചെയ്താലും അത് ഏറ്റവും മികച്ച രീതിയിൽ പ്രായോഗികമായി ചെയ്യണം, എന്നു ചിന്തിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണു മലയാളികൾ.

പക്ഷേ, നമ്മുടെ ആവശ്യങ്ങൾ മാന്യമായി നടത്തിയെടുക്കണമെന്ന ചിന്ത, കാടുകയറി നിയന്ത്രണം വിട്ട്, അത് ഏറ്റവും കേമമാകണം, കാണുന്നവരും അറിയുന്നവരും കിടുങ്ങണം, വൈറലാകണം എന്നൊക്കെ മത്സരബുദ്ധിയോടെ ചിന്തിച്ചു നടപ്പിലാക്കുന്ന ഒരു സമൂഹത്തിലാണ്, നമ്മൾ ഇപ്പോൾ ജീവിക്കുന്നത്.

വിവാഹം എന്നത്, സ്വന്തം കുടുംബം ഔദ്യോഗികമായി നിലവിൽ വരുന്നതിന്റെ ഉത്തരവാദിത്വം, ഏറ്റെടുത്തു പ്രഖ്യാപിക്കുന്ന ചടങ്ങാണ്. ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ആ ചടങ്ങിലേക്ക് ബന്ധുമിത്രാദികളെ ക്ഷണിച്ചു വരുത്തി, അവരുടെ പ്രാർത്ഥനയും അനുഗ്രഹവും സഹകരണവും നേരിട്ട് സ്വീകരിക്കാനുള്ള അവസരമാണ് വിവാഹവിരുന്ന്.

ഇത് എത്ര വിപുലമായാലും ലളിതമായാലും ചടങ്ങ് നിയമപരമാണെങ്കിൽ, കുടുംബം നിലവിൽ വരും.

പക്ഷേ, ഇക്കാലത്ത് ഈ ചടങ്ങും സ്നേഹവിരുന്നുകളും നമ്മുടെ പ്രൗഢിയും പൊങ്ങച്ചവും വിളംബരം ചെയ്യാനുള്ള പ്രഹസനമായി മാറിപ്പോകുന്നു.

ഫലമോ? അനുഗ്രഹിക്കാൻ വരുന്ന നമ്മുടെ വേണ്ടപ്പെട്ടവരിൽ പലരും, ഈ ഭയങ്കര കല്യാണം കണ്ട് അന്തംവിട്ട്, അനുഗ്രഹിക്കാൻ പോലും മറന്നുപോകും. മാത്രമല്ല, തങ്ങളുടെ വീട്ടിലെ കല്യാണം ഇങ്ങനെയൊന്നും നടത്താൻ ഞങ്ങളെക്കൊണ്ട് സാധിക്കില്ലല്ലോ എന്നു നിരാശപ്പെടുകയും ഊതിപ്പെരുപ്പിച്ച പൊങ്ങച്ച പ്രകടനങ്ങളോട് മനസ്സിൽ നീരസം വയ്ക്കുകയും ചെയ്യുന്നു.

**വിവാഹം എന്നത്, സ്വന്തം കുടുംബം ഔദ്യോഗികമായി നിലവിൽ വരുന്നതിന്റെ ഉത്തരവാദിത്വം, ഏറ്റെടുത്തു പ്രഖ്യാപിക്കുന്ന ചടങ്ങാണ്.**

സഹപാഠികളോടു മത്സരിച്ച്, അവരേക്കാൾ കേമനും കേമിയുമാകണമെന്ന് വാശികയറ്റി പഠിപ്പിച്ച കുഞ്ഞുങ്ങളിൽ ചിലരെങ്കിലും, ഭാവിയിൽ സ്വന്തം കല്യാണം ഈ നാട്ടിൽ ആരും ഇതുവരെ ചെയ്തിട്ടില്ലാത്ത വിധം കേമമാക്കണമെന്നു ചിന്തിച്ചേക്കാം.

ചില മാതാപിതാക്കളും ഇതുപോലെ ചിന്തിക്കുകയും മക്കളുടെ വിവാഹം, അത്യാർഭാടമായി നടത്തുകയും ചെയ്യാറുണ്ട്.

പക്ഷേ, ഇന്നു നല്ലൊരു വിഭാഗം ചെറുപ്പക്കാരും കൂട്ടുകാരുടെ കല്യാണംപോലെ, അത്രയും ആർഭാടമായി, സ്വന്തം വിവാഹച്ചടങ്ങ് ചെയ്യിച്ചെടുക്കാനും, വേഷം കെട്ടി അഭിനയിക്കാനും തങ്ങളെക്കൊണ്ടു പറ്റിയില്ലെങ്കിലോ, ആർഭാടമത്സരത്തിൽ തോറ്റു പോകുമല്ലോ, എന്നൊക്കെ ഭയപ്പെട്ട്, വിവാഹവും, കുടുംബജീവിതവും ഒഴിവാക്കാൻ നിരവധി ന്യായങ്ങൾ പറയുന്നു.

എന്നോടിതു പറഞ്ഞ കുട്ടികളോട്, നിനക്കു കല്യാണം കഴിക്കാൻ പേടിയുണ്ടോ എന്നു ഞാൻ ചോദിച്ചിട്ടുണ്ട്. കുടുംബജീവിതത്തെയല്ല, വിവാഹത്തിന്റെ ചെലവേറിയ ചടങ്ങുകളെയും ആർഭാടം കാണിക്കാൻ നടത്തുന്ന അഭിനയങ്ങളെയും ഭയപ്പെടുന്നതായി ചിലരൊക്കെ എന്നോടു തുറന്നു സമ്മതിച്ചു.



**എന്റെ സ്രഷ്ടാവ് എന്നെ ഏല്പിച്ച ദൗത്യം ഞാൻ നിർവഹിച്ചു കൊണ്ടേയിരിക്കും. ഇതിങ്ങനെ ഉറച്ചു വിശ്വസിക്കാൻ കഴിഞ്ഞാൽ, നിങ്ങളുടെ മനോഭാവം ഫലപ്രദവും ക്രിയാത്മകവുമാകും.**

വിവാഹത്തിനു മാത്രമല്ല, വിവാഹം കഴിഞ്ഞാലുമുണ്ട് ആർഭാടവും അമിത ചെലവുകളും, അതിന്റെ സാമ്പത്തിക ഞെരുക്കങ്ങളും. ഹണിമൂൺ കൂട്ടുകാർ ആരും പോയിട്ടില്ലാത്തിടത്ത്, അല്ലെങ്കിൽ അവരെ കൊതിപ്പിക്കുന്നിടത്ത് പോകണം. വീടും വീട്ടുസാധനങ്ങളും ഏറ്റവും മുന്തിയത്, അല്ലെങ്കിൽ കൂട്ടുകാരുടേതിനേക്കാൾ കൂടിയത് വേണം. പ്രസവം, ഗർഭധാരണം മുതൽ ഏറ്റവും മികച്ച ആശുപത്രിസേവനം വേണം.

വിദ്യാഭ്യാസം നഴ്സറി മുതൽ, മുന്തിയ സ്ഥാപനങ്ങളിൽ, മുന്തിയ ഡൊണേഷനും ഫീസും കൊടുത്ത്, മക്കൾക്ക് മുന്തിയ വീടുകളിലെ കൂട്ടുകാരെ കിട്ടാനിടയാക്കണം. ഇങ്ങനെ എന്തിലും ഏതിലും, ചുറ്റുമുള്ളവരോടു മത്സരിച്ച്, അവരെ തോല്പിച്ച്, എന്തോ വലിയ കാര്യം ഞങ്ങളു നേടിയെടുത്തു എന്നു കാട്ടിക്കൂട്ടുന്ന സ്വഭാവം, നമുക്കിപ്പോൾ കൂടിക്കൂടി വരികയുമാണ്. ഇങ്ങനെ ഊതിപ്പെരുപ്പിച്ച ഷോ ഓഫ് മത്സരം കണ്ട് ഭയന്ന്, 'എനിക്കേതായാലും വിവാഹവും വേണ്ട, കുടുംബവും വേണ്ട' എന്നു വാശിപിടിക്കുന്ന മക്കളോട് എന്തു പറയണമെന്നു ചില മാതാപിതാക്കൾ എന്നോടു ചോദിച്ചിട്ടുള്ളതാണ്.

ആ മക്കളെ വിവാഹത്തിനു നിർബന്ധിക്കേണ്ട എന്നാണ് ഞാൻ അവരോടു പറയാറുള്ളത്.

നാട്ടുകാരെ എന്തു കാണിക്കണമെന്നു ചിന്തിച്ചു വിഷമിക്കാതെ, സ്വന്തം ആവശ്യങ്ങൾ ന്യായമായി നടത്തിയെടുക്കണമെന്നും വിവാഹം അവനവന്റെ ആവശ്യമാണെന്നും ചിന്തിക്കാനുള്ള പക്വത അവർക്കു സ്വയം ഉണ്ടായെങ്കിൽ മാത്രം അവർ വിവാഹം ചെയ്താൽ മതിയെന്നു നിങ്ങളുടെ മക്കളോടു നിങ്ങൾ തുറന്നു സമ്മതിക്കണം. അവനവന്റെ നിലയും വിലയും എന്താണെന്നു സ്വന്തം ഹൃദയത്തിനും സ്വന്തം മനസ്സിനുമാണ് ബോദ്ധ്യപ്പെടേണ്ടത്. ആ ബോദ്ധ്യത്തിൽ ഉത്തരവാദിത്വത്തോടെ നിങ്ങൾ നടത്തുന്ന ന്യായവും സത്യസന്ധവും ധാർമ്മികവുമായ ഇടപാടുകളാണ് നിങ്ങളുടെ വിശ്വാസ്യതയും ഭാവിയും ആത്മസംതൃപ്തിയും ജീവിതവിജയവും നിർണ്ണയിക്കുന്നത്. ഭാവിയിൽ നിങ്ങളുടെ മക്കൾക്കു വിവാഹം ആലോചിക്കുമ്പോൾ, മറുകൂട്ടർക്കു നിങ്ങളെക്കുറിച്ച് ഉറച്ച വിശ്വാസം ഉളവാകുന്നത്, നിങ്ങളുടെ ധർമ്മനിഷ്ഠയുള്ള ജീവിതരീതി മനസ്സിലാകുമ്പോഴാണ്.

ആർഭാടപ്രകടനങ്ങൾ കൊണ്ട് കൃത്രിമമായി സൃഷ്ടിക്കുന്ന ഇമേജ് സത്യമല്ലെന്ന്, മറ്റാരും അറിഞ്ഞില്ലെങ്കിലും, നിങ്ങളുടെ ആത്മാവിനു വ്യക്തമായി അറിയാം. അസത്യത്തിൽനിന്ന് ആർക്കും ഒരിക്കലും ആത്മസംതൃപ്തി ലഭിക്കില്ല. കപടനാട്യങ്ങൾ നടത്താതെ സത്യസന്ധമായി ചെയ്യാവുന്ന കാര്യങ്ങളിൽ, ശ്രദ്ധയോടെ, ഉത്സാഹത്തോടെ, ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നവർക്ക് തക്കതായ പ്രതിഫലം ലഭിക്കണം എന്നത് പ്രപഞ്ചനീതിയാണ്. ആ പ്രപഞ്ചനീതിയിൽ നിങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ടെങ്കിൽ അതു ലഭിക്കുക തന്നെ ചെയ്യും. That is the Power of Faith and your Integrity.

നമുക്കുണ്ടാകുന്ന ഓരോ സംഭവത്തിന്റെയും അനുഭവങ്ങൾ വിവർത്തനം ചെയ്ത്, അതിലെ തൃപ്തിയും അതൃപ്തിയുമൊക്കെ മനസ്സിലാക്കിത്തരുന്നത്, നമ്മുടെ മനോഭാവങ്ങളാണ്. എന്റെ മനോഭാവം രൂപപ്പെടാൻ എന്നെ സഹായിച്ച ഒരു തത്വചിന്ത പറയാം: സ്രഷ്ടാവിന് എന്നെക്കൊണ്ട് ഏതൊക്കെയോ ആവശ്യമുള്ളതുകൊണ്ടാണ് ഞാൻ സൃഷ്ടിക്കപ്പെട്ടത്. അതു നടത്താൻ വേണ്ട കഴിവും സിദ്ധികളുമാണ് എനിക്കു സ്രഷ്ടാവ് തന്നിരിക്കുന്നതും എനിക്കു പഠിച്ചെടുക്കാൻ സാധിച്ചതും. സ്രഷ്ടാവിന്റെ ആവശ്യത്തിനു വേണ്ട എല്ലാ സാധനസാമഗ്രികളും ഈ പ്രപഞ്ചത്തിലുണ്ട്. അതിൽനിന്ന് എനിക്ക് ഉപയോഗിക്കാൻ ലഭിക്കുന്നവകൊണ്ട്, എന്റെ സ്രഷ്ടാവ് എന്നെ ഏല്പിച്ച ദൗത്യം ഞാൻ നിർവഹിച്ചു കൊണ്ടേയിരിക്കും. ഇതിങ്ങനെ ഉറച്ചു വിശ്വസിക്കാൻ കഴിഞ്ഞാൽ, നിങ്ങളുടെ മനോഭാവം ഫലപ്രദവും ക്രിയാത്മകവുമാകും. പിന്നെ ഏതെല്ലാം പരിമിതികളുണ്ടെങ്കിലും, ഏറ്റവും ഉത്സാഹത്തിലും സന്തോഷത്തിലും പ്രവർത്തിക്കാനും ജീവിതം ആസ്വദിക്കാനും നിങ്ങൾക്ക് അനായാസം സാധിക്കും.

'എനിക്ക് ഇത്രയുമേ ഉള്ളല്ലോ' എന്നു ചിന്തിച്ചാൽ നിരാശയാണു തോന്നുക. പകരം, 'ഇത്രയുമാണ് എനിക്കുള്ളത്' എന്നു വിലയിരുത്തിയാൽ, ആ ഉള്ളതുപയോഗിച്ച് സാധിക്കുന്ന രീതിയിൽ, എന്റെ അപ്പപ്പോഴത്തെ ആവശ്യങ്ങൾ എനിക്കു നടത്തിയെടുക്കാം.

ഇത്തരം ക്രിയാത്മകമായ മനോഭാവംകൊണ്ട്, അതൃപ്തികളെ മായിച്ചുകളഞ്ഞ് തൃപ്തി അനുഭവിക്കാൻ ഏതൊരാൾക്കും സാധിക്കുമെന്നാണ് എന്റെ അനുഭവം. അന്യരുടെ ആർഭാടം കണ്ട് നിങ്ങൾക്ക് അസൂയയോ, ഭയമോ, നിരാശയോ തോന്നേണ്ടതില്ല. അവരുടെ ബാദ്ധ്യതകളും ഭാരവും സംഘർഷങ്ങളും എന്തൊക്കെയാണെന്നു നിങ്ങൾക്കറിയില്ലല്ലോ.

Have Faith in You.
Have Faith in Your Creator.
Never pretend to be someone You are not.

# അന്ന സെബാസ്റ്റ്യൻ



ഡോ.വർഗീസ് ജോർജ്

കഴിഞ്ഞ മാസം ആദ്യ ആഴ്ചയിൽ ഒരു ദിനം ചില സുഹൃത്തുക്കളുമൊത്ത് അന്നാ സെബാസ്റ്റ്യന്റെ ഭവനം സന്ദർശിക്കുകയുണ്ടായി. എറണാകുളം കാക്കനാട്ട് സെയിന്റ് ജോർജ് പള്ളിക്കു നേരെ മുന്നിലുള്ള ആ ഭവനത്തിന്റെ പൂമുഖത്ത് ഇനി ഒരിക്കലും വരാത്ത അന്നയുടെ ഓർമ്മകളിൽ പിതാവ് ഞങ്ങളെ കാത്തിരിപ്പുണ്ടായിരുന്നു. കൃത്യമായ വാക്കുകളിൽ, വസ്തുനിഷ്ഠമായിട്ടാണ് ആ സംഭവം അദ്ദേഹം പങ്കുവച്ചത്. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ചാർട്ടേഡ് അക്കൗണ്ടന്റ് പരീക്ഷ പാസ്സായ അന്ന, 'ഏണെസ്റ്റ് ആൻഡ് യങ്' എന്ന ആഡിറ്റ് കമ്പനിയിലാണ് ജോലിക്കു ചേർന്നത്. ലോകത്തെ പ്രമുഖ കമ്പനികളുടെ ആഡിറ്റ് നടത്തുന്ന ഏണെസ്റ്റ് ആൻഡ് യങ് കമ്പനിയുടെ പൂനാ ശാഖയിലാണ് അവളെ നിയമിച്ചിരുന്നത്. തുടക്കത്തിലേ ഒരു പ്രമുഖ കമ്പനിയിൽ ജോലി ലഭിച്ചതിൽ അവൾ സന്തുഷ്ടയായിരുന്നു.

എന്നാൽ പ്രസ്തുത കമ്പനിയിലെ അമിതമായ ജോലിഭാരം അവളെ മാനസികമായും ശാരീരികമായും തളർത്തിയിരുന്നു . താങ്ങാനാവാത്ത ജോലിഭാരം മൂലം ജോലി ഉപേക്ഷിക്കാൻ പല സുഹൃത്തുക്കളും അവളോട് പറഞ്ഞിരുന്നുവെങ്കിലും ജോലിയോടുള്ള സമർപ്പണം മൂലം അവൾ അതിന് തയാറായില്ല. ജന്മദിനത്തിൽ മാതാപിതാക്കളുമായി ഒത്തുകൂടാൻ പോലും അവൾക്ക് സാധിച്ചിരുന്നില്ല. കുറേക്കഴിഞ്ഞപ്പോൾ, ഒരു നിശ്ചിതകാലം ഏണെസ്റ്റ് ആൻഡ് യങിൽ ജോലി നോക്കിയതിനു ശേഷം സ്വയം പ്രാക്ടീസ് ചെയ്യുന്നതിനോ മറ്റ് കമ്പനികളിലേക്ക് മാറുന്നതിനോ അന്ന ചിന്തിച്ചിരുന്നു. എന്നാൽ ഏണെസ്റ്റ് ആൻഡ് യങിൽ ജോലി ചെയ്യുന്ന കാലത്തോളം അവിടെ നിയോഗിക്കപ്പെട്ട ജോലികൾ പൂർത്തിയാക്കാൻ അന്ന വിട്ടുവീഴ്ചയ്ക്ക് ഒരുക്കമല്ലായിരുന്നു. പതിനാറു മണിക്കൂർവരെ അവൾ ജോലി ചെയ്യേണ്ടി വന്നിട്ടുണ്ടെന്ന് പിതാവ് ഞങ്ങളോട് പറഞ്ഞു.

"ചാർട്ടേഡ് അക്കൗണ്ടന്റ് പരീക്ഷ പാസായതിന്റെ ബിരുദദാനച്ചടങ്ങിൽ ഞങ്ങളെ പങ്കെടുപ്പിക്കാൻ അവൾക്ക് വലിയ ഉത്സാഹമായിരുന്നു." അദ്ദേഹം പറഞ്ഞു. "ഇക്കൊല്ലം ജൂലൈ ഏഴാംതീയതിയായിരുന്നു അത്. ജൂലൈ ആറാം തീയതി അവളുടെ താമസസ്ഥലത്ത് എത്തിയപ്പോൾ അവളുടെ ക്ഷീണം കണ്ട ഞങ്ങൾ അവളെ ഒരു പരിശോധനയ്ക്ക് ആശുപത്രിയിൽ കൊണ്ടുപോയി. അവളുടെ ഇ.സി.ജി സാധാരണമായിരുന്നു . ഹൃദയത്തിന് ഒരു കുഴപ്പവുമില്ലെന്ന് കാർഡിയോളജിസ്റ്റ് പറഞ്ഞു. എന്നാൽ അന്നയ്ക്ക് ഉറക്കക്കുറവാണെന്നും ഭക്ഷണം യഥാസമയം കഴിക്കുന്നില്ലെന്നും ഡോക്ടർ മനസ്സിലാക്കി. ഡോക്ടറെ കണ്ടതിനു ശേഷവും ജോലി തീരാനുണ്ടെന്ന് അറിയിച്ച അവൾ ജോലിക്ക് പോയി. അവൾ അന്നും ജോലി ചെയ്ത് താമസ സ്ഥലത്ത് എത്തിയത് വളരെ വൈകിയാണ്. പിറ്റേന്ന്, ഏഴാം തീയതി രാവിലെ ഞങ്ങളോടൊപ്പം കൂടിയ അന്ന അന്ന് ഉച്ചവരെ ഞങ്ങളോടൊപ്പമിരുന്ന് വീണ്ടും ജോലിയിൽ മുഴുകിയതിനാൽ ബിരുദദാനച്ചടങ്ങിന് എത്തിയതും വൈകിയാണ്."

"ചാർട്ടേഡ് അക്കൗണ്ടന്റ് പരീക്ഷ അന്ന പാസായത് കഴിഞ്ഞ കൊല്ലം നവംബറിലാണ്. ഇക്കൊല്ലം മാർച്ച് പത്തൊൻപതിനാണ് ഈ കമ്പനിയിൽ ജോലിക്ക് പ്രവേശിച്ചത്." അന്നയുടെ അമ്മ അനിത കമ്പനി ചെയർമാന് അയച്ച കത്തിൽ ഇപ്രകാരം എഴുതി: "...എന്നാൽ ജൂലൈ ഇരുപതിന്, അന്ന മരിച്ചുവെന്ന വാർത്ത വന്നപ്പോൾ എന്റെ ലോകം എനിക്കു മുൻപിൽ ഉടഞ്ഞു വീണു... ഏണെസ്റ്റ് ആൻഡ് യങിനുവേണ്ടി അവൾ കഠിനമായി പണിയെടുത്തു..." അവളുടെ മാനേജർക്ക് ക്രിക്കറ്റ് കളി കാണുന്നതിനുവേണ്ടി ജോലിസമയം വരെ മാനേജർ പുനഃക്രമീകരിക്കുമായിരുന്നു. രാത്രി ഏറെ വൈകിയും വാരാന്ത്യങ്ങളിലും അവൾക്ക് ജോലിയെടുക്കേണ്ടി വന്നു. ഒരിക്കൽ അസിസ്റ്റന്റ് മാനേജർ രാത്രി അന്നയെ വിളിച്ചിട്ട് രാവിലെ ഒരു ജോലി പൂർത്തിയാക്കണമെന്ന് പറഞ്ഞു. അതെങ്ങനെ സാധിക്കുമെന്ന് അന്ന ചോദിച്ചപ്പോൾ രാത്രി ജോലി ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു. പലപ്പോഴും ജോലി കഴിഞ്ഞ് പരിക്ഷീണയായി വസ്ത്രംപോലും മാറാതെ കിടക്കയിലേക്ക് വീഴുകയാണവൾ ചെയ്തിരുന്നത്.

അന്ന മരിച്ച ദിവസത്തെക്കുറിച്ച് പിതാവ് ഞങ്ങളോടു വിവരിച്ചത് ഇപ്രകാരമാണ്: "അന്നും പതിവുപോലെ ക്ഷീണിച്ചവശയായി അവൾ പേയിങ് ഗസ്റ്റ് റൂമിൽ രാത്രി എത്തി. പിന്നെ ഭക്ഷണം ഓർഡർ ചെയ്തു. ഭക്ഷണക്കാരൻ എത്തി ബെല്ലടിച്ചപ്പോൾ അവൾ കതക് തുറന്ന് അത് വാങ്ങി മുറിയിലേക്കുള്ള പടവുകൾ കയറുമ്പോൾ കുഴഞ്ഞു വീണു. അവിടെ താമസിച്ചിരുന്ന മറ്റാളുകൾ അവളെ മുറിയിൽ കട്ടിലിൽ കിടത്തി, കമ്പനിയെ അറിയിച്ചു. അവർ തിരിഞ്ഞു നോക്കിയില്ല. കൂട്ടുകാരികൾ പെട്ടെന്ന് കാറിൽ ആശുപത്രിയിലെത്തിച്ചപ്പോഴേക്കും അവൾ മരിച്ചിരുന്നു. പൂനയിൽ താമസിക്കുന്ന ഒരു ബന്ധു ഓടിയെത്തിയാണ് ബാക്കി കാര്യങ്ങൾ ശ്രദ്ധിച്ചത്. മകളുടെ ശവസംസ്കാരച്ചടങ്ങിനുപോലും കമ്പനി ഒരു പ്രതിനിധിയെ അയച്ചില്ല."

അന്ന സെബാസ്റ്റ്യൻ പേരയിൽ നമുക്ക് മറക്കാനാവാത്ത ഒരു മകളാണ്, ഒരു പ്രതീകമാണ്. ലാഭക്കൊതി പൂണ്ട കോർപറേറ്റുകളുടെ ചൂഷണത്തിന്റെ രക്തസാക്ഷി. ഐ.ടി. കമ്പനികളിൽ നടക്കുന്ന തൊഴിൽ നിയമലംഘനത്തിനെതിരെ വ്യാപകമായ പ്രതിഷേധമുയരണം. നമ്മുടെ കുഞ്ഞുങ്ങൾ കണ്ണുവേദന, കഴുത്തുവേദന, നടുവേദന എന്നിവയുമായി നാല്പത് വയസ്സാവുമ്പോൾ ജീവച്ഛവമായി മാറുന്നു. ചില കോർപറേറ്റ് അധിപന്മാരാവട്ടെ, ശാന്തസമുദ്രത്തിൽ ദ്വീപുകൾ വാങ്ങി പ്രൈവറ്റ് ജെറ്റുകളിൽ ഉല്ലസിച്ചു നടക്കുന്നു! വേണം, പുതിയ കാലത്തിന്റെ മെയ്ദിനം.

# New Vision Quiz - November 2024
# Monthly Quiz Contest - Open to All Readers!

**Quiz Master: Dr John George Athyal**

**Prizes:** *Three winners will be selected, one from each age category. The winners will be notified directly, and their photographs will be featured in New Vision Magazine. Prizes will be sent directly to the winners.*
*How to Participate: Submit your answers through the submission link on our website: www.newvisionmagazine.org.      Or scan the QR Code*
*We look forward to your participation and wish you the best of luck!*

1. Who or what is Bibo in the novel, 'The Lord of the Rings'?
   a) dwarf b) wizard c) hobbit d) troll
2. What is the nationality of R.L. Stevenson, writer of 'Treasure Island'?
   a) Scottish b) Welsh c) Irish d) French
3. Who was the first Malayalam poet who appeared on postage stamps?
   a) O.N.V. Kurup b) Kumaran Asan c) Vallathol d) Ezhuthachan
4. Om Prakash Valmiki's autobiography
   a) Mari Hakikat b) Atmakahtha c) En Sarithiram d) Joothan
5. Which constellation is called the Queen of constellations?
   a) Ursa Major b) Leo c) Orion d) Cassiopeia
6. Where is the Sea of Tranquillity located?
   a) Jupiter b) Moon c) Mars d) Sun
7. What was NASA's first project?
   a) Project Gemini b) Project Mercury c) Appollo d) Skylab
8. Which super predator was the oldest to have ever existed on Earth?
   a) Yellow Whale b) Blue Dolphin c) Marine Crocodile d) Marine Cobra
9. Who has been appointed as the first female neutral umpire by the ICC for a bilateral series?
   a) Sue Redfern b) Nida Dar c) Shivani Mishra d) Mary Waldron
10. The Chinese philosophical system that emphasizes harmony with nature
    a) Taoism b) Mohism c) Confucianism d) Legalism
11. Which Indonesian city was originally named Batavia?
    a) Surabaya b) Helvetica c) Kremlin d) Jakarta
12. The ancient silk route passed through which desert?
    a) Atacama b) Mojave c) Gobi d) Aralkum
13. Who loved this world and left Paul for Thessalonica?
    a) Barnabas b) Luke c) Demas d) Silas
14. Who is the person Peter records as "my son"?
    a) Timothy b) James c) Mark d) Luke
15. Who is the one clothed in blood?
    a) Abel d) Saul c) the Word of God d) the cross
16. Who argued with the devil about the body of Moses?
    a) Balaam b) Michael c) Gabriel d) Miriam
17. Who is the person who died while the prophet Ezekiel was prophesying?
    a) Benaiah b) Pelatiah c) Samson d) Oholah
18. Who fell headlong and split in the middle?
    a) Saul b) Samuel c) Judas d) John
19. What mountain did Amos say would wither?
    a) Carmel b) Zion c) Tabor d) Sinai
20. Who is the general who got out of the chariot and ran away on foot?
    a) Sisera b) Jephthah c) Gideon d) Joab

**Questions from the October issue of New Vision Magazine**

21. Lady who got the woman of the year award in 2007
22. Name of three ladies responsible for outstanding leadership quality of Jimmy Carter, 39th President of US
23. It is just like Adani saying, 'Let me have a BPL card. Which article contains this statement?.
24. Your Children are your responsibility. Which article contains this statement
25. The name of the first lady who got D.Th from Serampore University?

# The Divine Dance: A Call to Live in Harmony with the Values of Love, Justice, Peace, and Compassion

Classical dance, in many cultural and spiritual traditions, is often seen as more than just an art form; it is a physical manifestation of the rhythm of life and the divine. In this sense, classical dance can be viewed as aligning with God's will. The precise movements, disciplined practice, and deep connection to music in classical dance can be viewed as a form of meditation—a way to embody the harmony and order inherent in creation. When approached with reverence, classical dance becomes a sacred act, reflecting the cosmic dance that invites us to live in alignment with divine values such as love, justice, peace, and compassion. Through the dance, one can experience and express the deeper spiritual rhythms that resonate with God's will and the universe's natural order.

During my studies at Annamalai University, I visited the Nataraja temple in Chidambaram, where I witnessed the deity of Shiva as depicted in the dance form known as Nataraja. According to Hindu mythology, Nataraja dances at the centre of the Universe, with all of the creation moving in harmony with him. In The Tao of Physics, Fritjof Capra relates the dance of Nataraja to the cosmic dance, highlighting its profound connection to the rhythms of the universe. Fritjof Capra's 'The Tao of Physics' draws fascinating parallels between quantum mechanics and the holistic worldview of Eastern philosophies. Capra's work reveals the deep interconnectedness of the universe, where everything—from atoms and molecules to stars and galaxies—participates in a cosmic dance. This dance is a symbolic, rhythmic, dynamic expression of the universe, moving in a delicate balance. When this rhythm is in harmony, everything moves in order; when disrupted, chaos ensues.

In writing this book, I seek to relate the "dance of nature," where every element in the universe moves in harmony with a divine rhythm—a theme that profoundly resonates with Jesus' teachings. There is a profound acknowledgement of the interconnectedness of all life. Jesus spoke of the lilies of the field and the birds of the air, emphasising how they are nurtured by the same divine force that governs the entire universe.

The dance, a rhythmic, dynamic expression of the universe itself, is beautiful. Jesus observed and understood the natural rhythms of life, such as the changing seasons, the cycles of day and night, and the growth of seeds. These rhythms reflect a more profound, cosmic order that governs all life, instilling a sense of structure and balance. The concept of the "dance of nature," where every element in the universe—stars, planets, plants, animals, and even humans—moves in harmony with this cosmic rhythm, is truly inspiring. This dance is not random but follows a divine order, which Jesus recognised and taught through his parables.

Our religious imagination sees God as a grave old man with long hair and beard. Our favourite image of Jesus is hanging on the Cross. Fr.M Amaladoss SJ, in his essay on JESUS THE DANCER, suggests that the image of Jesus in an Asian context could be that of a dancer. Jyoti Sahi is a renowned Indian Christian artist, theologian, and writer known for his work that bridges Christian themes with Indian cultural and spiritual traditions. Sahi has made significant contributions to the world of sacred art, focusing on integrating Indian aesthetics and Christian iconography. Jyoti Sahi has painted and sculpted many images of the Risen Christ, such as dancing. He explains that dancing is celebrating the body and discovering a new kind of freedom that is spirit-filled. The spirits can chain the body, making it a prison. But the spirit of life can liberate the body and convert it into an instrument of joy. The healed person leaps for joy, and this leap into the future is the essence of dance.

Sara Grant (1922–2002) was a prominent British Roman Catholic nun and theologian known for her work in interfaith dialogue, particularly between Christianity and Hinduism. She was a member of the Religious of the Sacred Heart of Mary (RSCM). She spent much of her life in India, engaging intensely with Indian philosophy and spirituality. Grant was also known for her involvement in the ashram movement in India, which sought to create spaces where Christian and Hindu practices could be integrated, fostering a shared spiritual life. She lived in the Christa Prema Seva Ashram in Pune, where she practised a life of contemplation, simplicity, and dialogue with local Hindu scholars and practitioners. The term 'Lord of the Dance' used by Sara Grant refers to Nataraja – dancing Shiva. But she interprets it as a name for Jesus, the word incarnate.

If Jesus is a dancer, God is also a dancer. Regarding us, God's dance starts with creation. All through the process of creation, God is playing. In the Christian context, mainly through the teachings of Jesus, this idea

*Continued on pg 24*

*തുടർച്ച പേജ് 3-ൽ നിന്നും*

മന്ത്രിയും സമീപകാലംവരെ നമ്മോടൊപ്പം ഉണ്ടായിരുന്നല്ലോ. പൊതുപ്രവർത്തനത്തിന്റെ ബാലപാഠം ഇവയിലുണ്ട്.

സംസ്കാരത്തിന്റെ ആവിഷ്ക്കാരമാണ് ഭാഷ. സംസ്കാരം എന്നാൽ സംസ്കരിക്കപ്പെട്ടത്, ശുദ്ധിവരുത്തിയത് എന്നാണ്. അതിനാൽ ഉദ്ദേശ്യശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ പൊതുപ്രവർത്തകർ ശ്രദ്ധിക്കണം. നവീൻ എന്ന ഉന്നത ഉദ്യോഗസ്ഥനെപ്പോലും ആത്മഹത്യയ്ക്കു പ്രേരിപ്പിക്കാൻ അസ്ഥാനത്ത് ഉച്ചരിച്ച അക്ഷന്തവ്യമായ വിഷവാക്കുകൾക്കു സാധിച്ചു എന്നത് നമ്മെ ഭയപ്പെടുത്തേണ്ടതാണ്. വാക്കിനാൽ കൊല്ലാം, പണിയാം. ആരോപണങ്ങൾ സത്യസന്ധമാവണം. മനുഷ്യപ്പറ്റോടെയുമാവണം.

ജനാധിപത്യത്തിന്റെ ബലതന്ത്രം നിർണ്ണയിക്കുക പ്രതിപക്ഷമാണ്. ഭരണപക്ഷ ചെയ്തികളുടെ മറുവശം മറനീക്കി കാണിക്കുന്നത് അവരാണ്. അതിനാൽ, പ്രതിപക്ഷബഹുമാനം പുലരണം. വിമർശനങ്ങൾ ഉത്തരവാദിത്തത്തോടെ മാത്രം നിറവേറ്റുകയും വേണം.

സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയാണ് ജനാധിപത്യ അടിത്തറ. എല്ലാവരും സമരും സഹോദരരും സ്വതന്ത്രരുമാണ്. ഈ മൂല്യസങ്കല്പത്തിൽ ഉറച്ചുനിൽക്കാൻ പൊതുപ്രവർത്തകർ ശ്രദ്ധിക്കണം. ജനാധിപത്യത്തിൽ ആരും ശത്രുക്കളല്ല. തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെടണം. കുറ്റങ്ങൾ തിരുത്തപ്പെടണം. ഇതിനെല്ലാം വ്യവസ്ഥാപിത മാർഗ്ഗമുണ്ട്.

സമൂഹത്തിന്റെ സമഗ്രവികസനത്തിനു മുൻഗണന നൽകുകയും വ്യക്തികളോടുള്ള ശ്രദ്ധയും സ്നേഹാദരവും സൂക്ഷിക്കുകയും ചെയ്യേണ്ടവരാണ് പൊതുപ്രവർത്തകർ. അവരെ തെരഞ്ഞെടുക്കുന്നതു ജനസേവനത്തിനാണ്, അറവുശാലയൊരുക്കാനല്ല.

ഈ ചിന്തകൾ പങ്കുവച്ചത്, ഒരു നേതാവിനെ പരസ്യവിചാരണ ചെയ്യാനോ കുറ്റം വിധിക്കാനോ അല്ല. മറിച്ച്, നമ്മുടെ പൊതുപ്രവർത്തകരിൽ പ്രകടമാവുന്ന മൂല്യച്യുതിയും സംസ്കാരശൂന്യതയും ഓർമ്മിപ്പിക്കാനാണ്. എന്നിരിക്കിലും, ആ സഹോദരി ഈ തെറ്റു സ്വയം തിരുത്തുന്നതാണ് ഉചിതം. കളങ്കിത വ്യക്തിത്വമായി തുടരരുതല്ലോ. ജീവിതാവസാനം വരെ മനസാക്ഷിയെ വേട്ടയാടുന്ന കുറ്റബോധവും ആത്മനിന്ദയും ഒഴിവാക്കണം. അറേബ്യയിലെ സകല സുഗന്ധങ്ങൾക്കും എന്റെ കൈയിലെ ചോരക്കറയുടെ ഗന്ധമകറ്റാനാവില്ല എന്ന ലേഡി മാക്ബത്തിന്റെ സ്വപ്നാടനവചനം ഇവിടെ ഓർക്കാം. നവീന്റെ കുടുംബത്തോടു മാപ്പപേക്ഷിച്ചാൽ കിട്ടുന്ന ആത്മശുദ്ധിയും മനസ്സമാധാനവും വലുതാണ്. അതു സ്വന്തം വ്യക്തിത്വത്തിനും പാർട്ടിക്കും നൽകുന്ന തിളക്കവും ധാർമ്മികബലവും എക്കാലവും എല്ലാവർക്കും സാധനപാഠമാവും.

നവീൻബാബുവിന്റെ പ്രിയപത്നിയും രണ്ടുപെൺമക്കളും അപ്രതീക്ഷിത നഷ്ടത്തിന്റെ നടുക്കത്തിലാണ്. ലോകമാകെയുള്ള മലയാളിമനസ്സ് ആദരവാർന്ന ഐക്യദാർഢ്യമാണ് അവരോടു പ്രകടിപ്പിച്ചത്. തങ്ങളുടെ കുടുംബനാഥൻ ജീവിതത്തിലുടനീളം പുലർത്തിയ നന്മയുടെ പ്രകാശം അവരിലൂടെ ജ്വലിക്കാൻ തുടർന്നും ഇടയാകട്ടെ. ഉപദ്രവിച്ചവരോടുള്ള കാലുഷ്യത്തിനും അവിടെ സ്ഥാനമില്ലല്ലോ. അദ്ദേഹത്തിനു സമർപ്പിക്കാവുന്ന മഹിതമായ സ്മാരണാഞ്ജലിയാവും അത്.

**ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പ**

*Continued from 23*

can be explored as an invitation to align with the divine rhythm that permeates all of creation. Through his forty days of life in the wilderness, Jesus came to deeply understand the rhythm of nature, which mirrored God's rhythm. He often spoke of this understanding during his ministry, teaching others to observe and learn from the natural world. "Look at the birds of the air; they neither sow nor reap nor gather into barns, and yet your heavenly Father feeds them. Consider the lilies of the field and how they grow; they neither toil nor spin. But if God so clothes the grass of the field, which is alive today and tomorrow, is thrown into the oven, will he not much more clothe you—you of little faith?" Jesus's teachings emphasised that for a successful life, one must follow the rhythm of nature. Living in harmony with creation, humanity can find true peace and fulfilment, which is a true reflection of the divine order established by God.

The Bible contains several references to dance, often associated with joy, celebration, worship, or even expressing deep emotions. Here are some key verses where the word "dance" is mentioned: "Then Miriam the prophetess, Aaron's sister, took a timbrel in her hand, and all the women followed her, with timbrels and dancing. Miriam sang to them: 'Sing to the Lord, for he is highly exalted. Both horse and driver he has hurled into the sea."( Exodus 15:20-21). "David, wearing a linen ephod, danced before the Lord with all his might." (2 Samuel 6:14)."You turned my wailing into dancing; you removed my sackcloth and clothed me with joy." (Psalm 30:11). "Let them praise his name with dancing and make music to him with timbrel and harp." (Psalm 149:3). "Praise him with timbrel and dancing, praise him with the strings and pipe." (Psalm 150:4). "I will build you up again, and you, Virgin Israel, will be rebuilt. Again, you will take up your timbrels and dance with the joyful."( Jeremiah 31:4). "A time to weep and a

time to laugh, a time to mourn and a time to dance."( Ecclesiastes 3:4). "When Jephthah returned to his home in Mizpah, who should come out to meet him but his daughter, dancing to the sound of timbrels! She was an only child. Except for her, he had neither son nor daughter." (Judges 11:34). These verses highlight how dance is used in the Bible as an expression of worship, joy, and celebration. The New Testament does not mention dance as frequently as the Old Testament. However, there is one notable reference. "We played the pipe for you, and you did not dance; we sang a dirge, and you did not mourn." (Matthew 11:17 , Luke 7:32). This verse is part of a more significant passage in which Jesus describes the people's reactions to John the Baptist and Himself, pointing out that they neither rejoiced with the good news nor mourned with the call to repentance. The reference to dancing here is symbolic, illustrating a lack of response to joyful and solemn occasions.

Jesus' parables often called his listeners to a way of life that resonates with the kingdom of God—a realm where divine harmony and balance reign. This can be understood as an invitation to participate in the cosmic dance, where nature's rhythm and the divine's movement are intimately connected.

The Kingdom of God as the Divine Dance:

As Jesus described, the kingdom of God is not a static place but a dynamic reality where God's will is done on earth as it is in heaven. It is a realm where justice, peace, and love prevail—a reflection of the divine harmony that underlies all creation. This kingdom can be seen as the ultimate expression of the cosmic dance, where all creation moves in sync with the divine will.

Jesus' parables often invite listeners to enter this kingdom by aligning their lives with its values. For example, the parable of the Good Samaritan (Luke 10:25-37) teaches the importance of compassion and love, which are essential aspects of participating in the divine dance. By living according to these principles, one joins in the rhythm of the kingdom, contributing to the harmony and balance it represents.

The spiritual dimension of the cosmic dance invites individuals to recognise the divine rhythm that underlies all of creation and to align their lives with it. Jesus' parables and teachings often point toward this divine dance, encouraging his followers to live in harmony with the kingdom of God. By participating in the rhythms of nature and embracing the spiritual practices that attune us to the divine, we can join in this cosmic dance, experiencing the fullness of life that comes from being in sync with the Creator.

Jesus' invitation to enter the kingdom of God is an invitation to join the divine dance—a call to live in alignment with the values of love, justice, peace, and compassion. This kingdom is not a distant reality but a present possibility, accessible to those who choose to live in harmony with God's will. By observing and participating in the natural rhythms around us, we can draw closer to this kingdom. Whether through acts of kindness, caring for the earth, or simply being present in the moment, these small actions are steps in the dance of life, bringing us closer to communion with the divine.

Embrace the invitation to join the dance and discover the profound peace and joy of living in rhythm with the universe.

*Introduction of the book 'Dance with God for a Sustainable World', written by Dr. Mathew Koshy Punnackadu and Dr. Anne Susan Koshy, which will be released shortly*



# ഭാവി കർഷകർക്ക്

കൊഡാക്ക് കമ്പനിയെ ഓർക്കുന്നുണ്ടോ? 1997-ൽ കൊഡാക്കിന് ഏകദേശം 1,60,000 ജീവനക്കാരുണ്ടായിരുന്നു. ലോകത്തെ 85% ഫോട്ടോഗ്രാഫിയും കൊഡാക് ക്യാമറകൾ ഉപയോഗിച്ചാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി മൊബൈൽ ക്യാമറകൾ വർധിച്ചതോടെ കൊഡാക് ക്യാമറ കമ്പനി വിപണിക്കു പുറത്താണ്. കൊഡാക്ക് പോലും പൂർണ്ണമായും പാപ്പരായി, അദ്ദേഹത്തിന്റെ എല്ലാ ജീവനക്കാരെയും പിരിച്ചുവിട്ടു.

അതേ സമയം നിരവധി പ്രശസ്ത കമ്പനികൾക്ക് സ്വയം നിർത്തേണ്ടി വന്നു. നാം ഇഷ്ടപ്പെട്ടിരുന്ന ചില കമ്പനികളെ ഒന്ന് ഓർത്തെടുക്കാം.

HMT (ക്ലോക്ക്), ബജാജ് (സ്കൂട്ടർ), ഡയനോറ (ടിവി), മർഫി (റേഡിയോ), നോക്കിയ (മൊബൈൽ), രാജ്ദൂത് (ബൈക്ക്), അംബാസഡർ (കാർ)...

മുകളിൽ പറഞ്ഞ കമ്പനികൾക്കൊന്നും മോശം നിലവാരം ഉണ്ടായിരുന്നില്ല. എന്തുകൊണ്ടാണ് ഈ കമ്പനികൾ ഇതുപോലെ പുറത്തായത്? കാരണം അവർക്ക് കാലത്തിനനുസരിച്ച് സ്വയം മാറാൻ കഴിഞ്ഞില്ല.

ഈ നിമിഷത്തിൽ നിൽക്കുമ്പോൾ, അടുത്ത പത്തു വർഷത്തിനുള്ളിൽ ലോകം എത്രമാത്രം മാറുമെന്ന് നിങ്ങൾ ചിന്തിക്കാനിടയില്ല! ഇന്നത്തെ 70% മുതൽ 90% വരെ ജോലികൾ അടുത്ത പത്തു വർഷത്തിനുള്ളിൽ പൂർണ്ണമായും അവസാനിക്കും. 'നാലാം വ്യാവസായിക വിപ്ലവത്തിന്റെ' യുഗത്തിലേക്ക് നാം പതുക്കെ പ്രവേശിക്കുകയാണ്.

ഇന്നത്തെ പ്രശസ്തമായ കമ്പനികൾ പരിശോധിക്കുക.

UBER എന്നത് ഒരു സോഫ്റ്റ്‌വെയർ നാമം മാത്രമാണ്. ഇല്ല, അവർക്ക് സ്വന്തമായി കാറുകളില്ല. എന്നിട്ടും ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ടാക്സി ഫെയർ കമ്പനി UBER ആണ്. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ഹോട്ടൽ കമ്പനിയാണ് Airbnb. എന്നാൽ രസകരമായ കാര്യം അവർക്ക് ലോകത്ത് ഒരു ഹോട്ടലും ഇല്ല എന്നതാണ്. അതുപോലെ, Paytm, Ola Cab, Oyo മുറികൾ തുടങ്ങിയ എണ്ണമറ്റ കമ്പനികളുടെ ഉദാഹരണങ്ങൾ നൽകാം.

ഇന്ന് അമേരിക്കയിൽ പുതിയ അഭിഭാഷകർക്ക് ജോലിയില്ല. കാരണം ഐബിഎം വാട്സൺ എന്ന നിയമപരമായ സോഫ്റ്റ്‌വെയറിന് ഏതൊരു പുതിയ അഭിഭാഷകനെക്കാളും മികച്ച രീതിയിൽ വാദിക്കാൻ കഴിയും. അതിനാൽ, ഏകദേശം 90% അമേരിക്കക്കാർക്കും അടുത്ത 10/50 വർഷത്തിനുള്ളിൽ ജോലിയൊന്നും ഉണ്ടാകില്ല. ബാക്കി 10% ലാഭിക്കും. ഇവർ 10% വിദഗ്ധരായിരിക്കും. പുതിയ ഡോക്ടറും ജോലിക്ക് ഇരിക്കുകയാണ്. ക്യാൻസറും മറ്റു രോഗങ്ങളും മനുഷ്യനെക്കാൾ നാലു മടങ്ങ് കൃത്യമായി കണ്ടുപിടിക്കാൻ വാട്സൺ സോഫ്റ്റ്‌വെയറിന് കഴിയും. 2030-ഓടെ കമ്പ്യൂട്ടർ ഇന്റലിജൻസ് മനുഷ്യന്റെ ബുദ്ധിയെ മറികടക്കും.

ഇന്നത്തെ 90% കാറുകളും അടുത്ത 20 വർഷത്തിനുള്ളിൽ റോഡുകളിൽ കാണില്ല. ശേഷിക്കുന്ന കാറുകൾ ഒന്നുകിൽ വൈദ്യുതി, അല്ലെങ്കിൽ ഹൈബ്രിഡ് കാറുകൾ ഉപയോഗിച്ച് പ്രവർത്തിക്കും. റോഡുകൾ പതുക്കെ ശൂന്യമാകും. ഗ്യാസോലിൻ ഉപഭോഗം കുറയുകയും എണ്ണ ഉൽപാദിപ്പിക്കുന്ന അറബ് രാജ്യങ്ങൾ പതുക്കെ പാപ്പരാകുകയും ചെയ്യും. നിങ്ങൾക്ക് കാർ വേണമെങ്കിൽ ഊബർ പോലുള്ള സോഫ്റ്റ്‌വെയറിൽനിന്ന് കാർ ചോദിക്കണം. നിങ്ങൾ ഒരു കാർ ചോദിക്കുമ്പോൾ, പൂർണ്ണമായും ഡ്രൈവറില്ലാത്ത ഒരു കാർ നിങ്ങളുടെ ഡോറിനു മുന്നിൽ വന്നു പാർക്ക് ചെയ്യും. നിങ്ങൾ ഒരേ കാറിൽ നിരവധി ആളുകളുമായി യാത്ര ചെയ്യുകയാണെങ്കിൽ, ഒരാൾക്ക് ഒരു കാറിന്റെ വാടക ബൈക്കിനേക്കാൾ കുറവായിരിക്കും. ഡ്രൈവറില്ലാതെ വാഹനമോടിക്കുന്നത് അപകടങ്ങളുടെ എണ്ണം 99% കുറയ്ക്കും. ഇക്കാരണത്താൽ കാർ ഇൻഷുറൻസ് നിർത്തുകയും കാർ ഇൻഷുറൻസ് കമ്പനികൾ പുറത്തുപോകുകയും ചെയ്യും.

ഭൂമിയിൽ വാഹനമോടിക്കുന്നത് പോലെയുള്ള കാര്യങ്ങൾ ഇനി നിലനിൽക്കില്ല. 90% വാഹനങ്ങളും റോഡിൽനിന്ന് അപ്രത്യക്ഷമാകുമ്പോൾ ട്രാഫിക് പോലീസും പാർക്കിംഗ് സ്റ്റാഫും ആവശ്യമില്ല. ഒന്ന് ചിന്തിച്ചു നോക്കൂ, പത്തു വർഷം മുമ്പ് പോലും തെരുവുകളിൽ എസ്.ടി.ഡി ബൂത്തുകൾ ഉണ്ടായിരുന്നു. രാജ്യത്ത് മൊബൈൽ വിപ്ലവം വന്നതോടെ ഈ എസ്.ടി.ഡി ബൂത്തുകളെല്ലാം അടച്ചുപൂട്ടാൻ നിർബന്ധിതരായി. രക്ഷപ്പെട്ടവർ മൊബൈൽ റീചാർജ് ഷോപ്പുകളായി. മൊബൈൽ റീചാർജിൽ വീണ്ടും ഓൺലൈൻ വിപ്ലവം. ആളുകൾ വീട്ടിലിരുന്നു മൊബൈൽ ഓൺലൈനായി റീചാർജ് ചെയ്യാൻ തുടങ്ങി. ഈ റീചാർജ് ഷോപ്പുകൾ വീണ്ടും മാറ്റിസ്ഥാപിക്കേണ്ടി വന്നു. ഇപ്പോൾ ഇവ വാങ്ങാനും വിൽക്കാനും കടകൾ നന്നാക്കാനുമുള്ള മൊബൈൽ ഫോണുകൾ മാത്രമാണ്. എന്നാൽ വളരെ വേഗം ഇതും മാറും. ആമസോൺ, ഫ്ളിപ്കാർട്ട് എന്നിവിടങ്ങളിൽനിന്ന് നേരിട്ട് മൊബൈൽ ഫോൺ വിൽപ്പന വർധിക്കുന്നു.

പണത്തിന്റെ നിർവചനവും മാറുകയാണ്. പണ്ട് പണമുണ്ടായിരുന്നെങ്കിലും ഇന്നത്തെ കാലത്ത് അത് 'പ്ലാസ്റ്റിക് മണി' ആയി മാറിയിരിക്കുന്നു. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് റൗണ്ട് കുറച്ചു ദിവസങ്ങൾക്കു മുമ്പായിരുന്നു. ഇപ്പോൾ അതും മാറി മൊബൈൽ വാലറ്റിന്റെ യുഗം വരുന്നു. Paytm വളരുന്ന വിപണി, മൊബൈൽ പണത്തിന്റെ ഒറ്റ ക്ലിക്ക്.

പ്രായത്തിനനുസരിച്ച് മാറാൻ കഴിയാത്തവരെ പ്രായം ഭൂമിയിൽനിന്ന് അകറ്റുന്നു. അതുകൊണ്ട് കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുക.

പത്തു വർഷം കഴിഞ്ഞുള്ള ലോകത്തിന്റെ ഭാവി നോക്കുമ്പോൾ കർഷകരായിരിക്കും മുന്നേറുക. കാരണം, ഭക്ഷണമില്ലാതെ ജീവിക്കാനുള്ള വിദ്യ അടുത്ത നൂറ്റാണ്ടിലൊന്നും കിട്ടില്ല...

NEWVISION
FOR A CHANGING WORLD



The First Memorial Service for Rev. Dr. Jacob Verghis, former Principal of Kerala United Theological Seminary (KUTS), Trivandrum, was held on October 6th, 2024, at the Centenary Hall of Christ Church, Trivandrum. The service was presided over by Bishop Dr. Malayil Sabu Koshy Cherian, with a moving memorial address delivered by Rev. Dr. David Joy. During the ceremony, a significant moment unfolded as Bishop Dr Cherian released a book on Baptism authored by the late Rev. Dr Jacob Verghis, honouring his enduring legacy in theological scholarship.



NEW VISION FOR A CHANGING WORLD Per Copy Rs.25 November 2024
Annual Subscription Rs.250.00
Postal Registration No. KL/PTA/92/2022-24
Licensed to post without prepayment
KL/PTA/WPP/252/2022-24
Registered with the Registrar of Newspapers for India, under
No.KER BIL/2000/01543
Published on 28.10.2024

**NEW VISION**

**For a changing world**




വരിക്കാരാകുവാൻ ബന്ധപ്പെടുക : newvisionmagazine@gmail.com

Printed, published and owned by Prof.Dr.Mathew Koshy Punnackadu on behalf of
Navadarshan Trust and printed at Evangel Press, Ramanchira, MCRoad, Thiruvalla, Pathanamthitta District.
Published at Punnackadu, 689652 (Pathanamthitta District).
Editor. Prof.Dr.Mathew Koshy Punnackadu